കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി -7/61/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -25.02.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3)കാര്യാലയപകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി- 7/61/2020 തീയതി:25-02-2020.

**കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018 – 2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവപ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 30-11-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ. കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9/12/18 മുതൽ<br>21/12/18വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു<br>(ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.) |
| | ശ്രീമതി.റ്റി.സിന്ധു<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.മനു.കെ.നായർ<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.സുബി<br>(സീനി.ഗ്രേഡ് ഓഡിറ്റർ) |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജാത മോഹൻ | 1/4/18 മുതൽ 31/3/19 വരെ |
| സെക്രട്ടറി | ശ്രീ.സ്റ്റീഫൻ മോത്തീസ് | 1.4.18 മുതൽ 31/3/19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി. ലത എസ് | 1/4/18 മുതൽ 21/6/18 വരെ |
| | ശ്രീമതി.സ്നേഹജ ഗ്ലോറി | 22/6/18മുതൽ 31/3/19 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. ലിജി.എസ് | 1/4/18 മുതൽ 31/3/19 വരെ |
| വി.ഇ.ഒ. | ശ്രീ. ബി.ജയപ്രകാശ് | 1/4/18 മുതൽ 31/3/19 വരെ |
| | ശ്രീമതി.മഞ്ചു.ആർ.വി | 27/9/18 മുതൽ 31/3/19 വരെ |
| കൃഷി ഓഫീസർ | ശ്രീ. സജികുമാർ | 1/4/18മുതൽ 2/11/18വരെ |
| | ശ്രീമതി.സജിതാമോൾ | 3/11/18മുതൽ 31/3/19 വരെ |
| വെറ്റിനറി സർജൻ | ഡോ.അജി | 1/4/18മുതൽ |

| | | |
|---|---|---|
| | | 31/10/18 വരെ |
| | ഡോ.സീന.എസ്.എൽ | 1/11/17മുതൽ 31/3/19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജയശ്രീ ജെ | 1/4/18മുതൽ 31/3/19 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | ഡോ.ഷമ്മി | 1/4/18മുതൽ 16/8/18 വരെ |
| | ഡോ.സൂസൻ ജോൺ | 17/8/18മുതൽ 31/3/19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അനൂപ് | 1/4/18മുതൽ 26/6/18 വരെ |
| | ഡോ.സാദക്കത്തുള്ള | 27/6/18മുതൽ 31/3/19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റീന | 1/4/18മുതൽ 21/11/18 വരെ |
| | ശ്രീമതി.നൌഫിയ | 22/11/18മുതൽ 31/3/19 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഗ്രേസി തോമസ് | 1/4/18മുതൽ 31/3/19 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | അഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് പ്രകാരം പിരിച്ച തുക അടവാക്കിയപ്പോൾ കുറഞ്ഞു - ഓഡിറ്റ് ചൂണ്ടി കാണിച്ചപ്പോൾ തിരിച്ചടച്ചു. | 1-12 |
| 13 | അങ്കണവാടി അനുപൂരക പോഷകാഹാരം -അധിക തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കു വരുത്തി. | 1-13 |
| 14 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതിപ്പണംപൂർണ്ണമായുംവിനിയോഗിക്കുന്നില്ല. | 1-14 |
| 15 | സാമൂഹ്യ സാക്ഷരതാ പരിപാടി -സാക്ഷരതാമിഷന് ഫണ്ട് കൈമാറിയെങ്കിലും പ്രോജക്ട് പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകളില്ല | 1-15 |
| 16 | വായനാക്കൂട്ടം-ക്വട്ടേഷൻ നിരക്കിനുപരിയായി പ്രസിദ്ധീകരണങ്ങൾക്ക് വില നൽകി | 1-16 |
| 17 | സ്കൂളുകൾക്ക് ഫർണിച്ചർ - അധികനിരക്ക് നൽകിയതുമൂലം നഷ്ടം-54960/- | 1-17 |
| 18 | തുല്യതാപഠനം- വിനിയോഗ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 19 | വാടക സ്ഥിരമായി കുടിശ്ശിക വരുത്തുന്നു | 1-19 |
| 20 | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ -ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് നടത്തിയത് മൂലം 16,500/- രൂപ നഷ്ടം. | 1-20 |
| 21 | തെരുവുവിളക്ക് മെയിന്റനൻസ്-ക്രമരഹിതമായ നടപടിക്രമങ്ങൾ | 1-21 |
| 22 | അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 23 | ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു. | 1-23 |
| 24 | പൊതുകിണറിന് മോട്ടോർസ്ഥാപിക്കൽ-വാട്ടർ അതോറിട്ടിയുടെ നിയന്ത്രണത്തിലുള്ള പമ്പിൽ മോട്ടോർ സ്ഥാപിച്ചത് സംബന്ധിച്ച് | 1-24 |
| 25 | ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു-നഷ്ടം 2816/- | 1-25 |
| 26 | പദ്ധതി നിർവ്വഹണചെലവ്-പ്രിന്റിംഗിന് ടെണ്ടർ ക്ഷണിക്കാതെ വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചു നടപ്പാക്കി.- | 1-26 |
| 27 | വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല-122915/-രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചില്ല | 1-28 |
| 29 | തനത് ഫണ്ട് -ബാങ്ക് അക്കൗണ്ടിൽ നിന്നും ക്യാഷ് ഹാൻഡിലിംഗ് ചാർജ്ജ് ഈടാക്കി | 1-29 |
| 30 | യാത്രാപ്പടി അധികം നൽകിയത് 7796/- നിരാകരിക്കുന്നു | 1-30 |
| 31 | മഴക്കാല പൂർവ്വശുചീകരണം-സർക്കാർ ഉത്തരവിനു വിരുദ്ധമായി തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ച209063/- രൂപ നിരാകരിക്കുന്നു. ശുചിത്വമിഷൻ ഫണ്ട് 40000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | തുമ്പൂർ മൊഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ്-ലക്ഷ്യം കാണാത്ത പദ്ധതി | 1-32 |
| 33 | നിയമ പ്രകാരം വേണ്ട പാർക്കിംഗ് ഏരിയ | 1-33 |

| | | |
|---|---|---|
| | ഇല്ലാതെ ഫ്ളാറ്റിന് പെർമിറ്റും ,കെട്ടിട നമ്പറും അനുവദിച്ചു നൽകി | |
| 34 | ഷീടോയ്ലെറ്റ്-പി.എച്ച്.സിയിലെ ഷീടോയ്ലെറ്റ് ലക്ഷ്യത്തിന് വിരുദ്ധമായിഉപയോഗിക്കുന്നു. | 1-34 |
| 35 | പമ്പ് റിപ്പയറിംഗ്-വിനിയോഗവിവരം ലഭ്യമല്ല | 1-35 |
| 36 | എസ്.എൽ.ഐ വിഹിതം നിർദ്ദിഷ്ട സ്ലാബ്പ്രകാരം ഒടുക്കുന്നില്ല | 1-36 |
| 37 | കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്- എസ്റ്റിമേറ്റ് കൂടാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും പ്രവൃത്തി നിർവ്വഹണം നടത്തി | 1-37 |
| 38 | വക്കീൽ ഫീസ് അധികം നൽകിയത്-8000/- രൂപ നിരാകരിക്കുന്നു. | 1-38 |
| 39 | ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ- മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-39 |
| 40 | പകൽവീട്,ബഡ്സ്കൂൾ- കെട്ടിടം ഉദ്ഘാടനംനടത്തി ഒരുവർഷം പിന്നിട്ടിട്ടും പ്രവർത്തനംആരംഭിച്ചിട്ടില്ല | 1-40 |
| 41 | പി.റ്റി.എസ് നിയമനം-ചട്ടവിരുദ്ധമായി ദിവസവേതനം നൽകുന്നു. | 1-41 |
| 42 | ആല്യംമൂട് ചന്തക്ലിനിംഗ്-ചട്ടവിരുദ്ധമായിക്ലിനിംഗ് ചാർജ്ജ് നൽകിയത് നിരാകരിക്കുന്നു. | 1-42 |
| 43 | കുടിവെള്ള പമ്പ്ഹൌസ് പ്രവർത്തിപ്പിക്കാൻ വേതനം നൽകിയത് ക്രമവിരുദ്ധം | 1-43 |
| 44 | അസി.സെക്രട്ടറിയുടെ അക്കൌണ്ടിലെ തുക തിരിച്ചടച്ചിട്ടില്ല | 1-44 |
| 45 | വൃദ്ധർക്കുള്ള കട്ടിൽ- കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി | 1-45 |
| 46 | ക്രമവത്കരിച്ചു നൽകിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല. | 1-46 |
| 47 | പിഎച് സിയ്ക്കുള്ള മരുന്നുകൾ,ജീവിത ശൈലി രോഗ നിയന്ത്രണത്തിനായുള്ള ഉപകരണങ്ങൾ,പാലിയേറ്റിവ്കാർക്കുള്ള മരുന്നുകൾ കെഎംഎസ് സിലിൽ നിന്നും ലഭിച്ചിട്ടില്ല | 1-47 |
| | | |

| | | |
|---|---|---|
| 48 | എസ് സി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങിനൽകൽ പ്രോജെക്ടിൽ പേർ വാങ്ങിയില്ല -240000/-രൂപ തടസപ്പെടുത്തുന്നു. | 1-48 |
| | ഭാഗം-3 | |
| 49 | അധികനിരക്ക് നൽകിയതുമൂലം നഷ്ടം | 3-1 |
| 50 | കമ്പ്യൂട്ടർ വാങ്ങൽ- ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനം ക്വോട്ട് ടെയ്യതെങ്കിലും അധികനിരക്കിലുള്ള സാധനംവാങ്ങിയതു മുഖേന നഷ്ടം | 3-2 |
| 51 | ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു | 3-3 |
| 52 | കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വാങ്ങി-2816/-രൂപയുടെ നഷ്ടം | 3-4 |
| 53 | മഴക്കാലപൂർവ്വശുചീകരണം - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു- 209063/- രൂപ അധികം ചെലവ് ചെയ്തു.ചെലവ് തുകനിരാകരിക്കുന്നു | 3-5 |
| 54 | അധികം യാത്രാപ്പടി നൽകി-7796/- നിരാകരിക്കുന്നുകൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വാങ്ങി-2816/- രൂപയുടെ നഷ്ടം | 3-6 |
| 55 | വക്കീൽ ഫീസ് അധികം നൽകി- 8000/-രൂപ നിരാകരിക്കുന്നു | 3-7 |
| 56 | ആലുംമൂട് ചന്തക്ലിനിംഗ്- ചട്ടവിരുദ്ധമായിക്ലിനിംഗ് ചാർജ്ജ് നൽകിയത് നിരാകരിക്കുന്നു. | 3-8 |
| 57 | കുടിവെള്ള പമ്പ്ഹൌസ് പ്രവർത്തിപ്പിക്കാൻ വേതനം നൽകിയത് ക്രമവിരുദ്ധം | 3-9 |
| | ഭാഗം 4 | |
| 58 | ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 59 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 60 | നിക്ഷേപക പ്രവൃത്തികൾക്ക് നൽകിയ | 4-3 |

| | | |
|---|---|---|
| | തുകയുടെ വിവരങ്ങൾ | |
| 61 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 62 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 63 | ഓഡിറ്റ് റിക്കവറി | 4-7 |
| 64 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 65 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 66 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 67 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 68 | അനുബന്ധം1-ഓഡിറ്റ് സാക്ഷ്യപത്രം | |
| 69 | അനുബന്ധം2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് 08.02.2019 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.05.2019 | ----- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,11,74,758/- |
| വരവ് | 16,76,82,243/- |
| ആകെ | 17,88,57,001/- |
| ചെലവ് | 15,38,68,650/- |
| നീക്കിയിരിപ്പ് | 2,4988,351/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 22511273 | 22511273 | 22511273 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 16731000 | 16731000 | 16515607 | 215393 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 173000 | 173000 | | 173000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 12154000 | 12154000 | 12004096 | 149904 |
| 1മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4540000 | 4540000 | 4104445 | 435555 |
| CFC | | 12437493 | 12437493 | 7936629 | 4500864 |
| ദുരിതാശ്വാസനിധി | 156130 | 7105 | 163235 | 0 | 163235 |
| ICDS കേന്ദ്രവിഹിതം | 1817210 | 880981 | 2698191 | 2009720 | 688471 |
| റ്റി.എസ്.സി | 803025 | 963806 | 1766831 | 1619675 | 147156 |
| തൊഴിലുറപ്പ് ഭരണചെലവ് | 1769 | 366415 | 368184 | 368118 | 66 |
| തൊഴിലാളികളുടെ കൂലി | | 24315609 | 24315609 | 24315609 | |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വിമുക്തി | | 15470 | 25000 | 40470 | 0 | 40470 |
| ബിഫണ്ട് | | | 976320 | 976320 | 976320 | |
| ശുചിത്വമിഷൻ | | | 210000 | 210000 | 210000 | |
| ബ്ലോക്ക്പഞ്ചായത്ത്* | | 2510500 | 6452908 | 8963408 | 8107998 | 8554410 |
| ജില്ലാ പഞ്ചായത്ത്* | | 110500 | 4803277 | 4913777 | 4779461 | 134316 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്** | 5587141 | (-)24843355 | (-)19256214 | 26206476 | 6950262 |
| | ട്രഷറി അക്കൗണ്ട് | 173013 | 14594736 | 14767749 | 6457784 | 8309965 |

*1)ബഡ്സ്കൂൾ ലഭിച്ച 1,00,000/-രൂപയുംപകൽവീടിന് ലഭിച്ച 1,00,000/-രൂപയും Project no-81/17ന് ലഭിച്ച 2,50,000/-രൂപയും Project no-80/17ന് ലഭിച്ച 3,00,000/-രൂപയും 160300102 എന്ന ഹെഡിലേക്ക് വകമാറ്റിയതിൽ 88,17,498/- രൂപവിനിയോഗിക്കാതെ ശേഷിക്കുന്നു. ആയത് ലയബിലിറ്റിയായി ഉൾപ്പെടുത്തിയില്ല.

**2)2017-18 വർഷം സർക്കാരിലേക്ക് വകമാറ്റിയതുക 1,12,57,349/-രൂപ തൻ വർഷം വരവായി ഉൾപ്പെടുത്തി.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 195624623 | 166 | 125538756 | 69 | 2 | 76% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

ഗ്രാമപഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 17 | 8553059 | 4672169 | 55 |
| അസി.സെക്രട്ടറി | 11 | 10 | 6453700 | 4386967 | 68 |
| അസി.എഞ്ചിനീയർ | 106 | 76 | 48037804 | 29000488 | 60 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 2697245 | 1985238 | 74 |
| വെറ്റിനറി സർജൻ | 8 | 8 | 4492500 | 3514251 | 78 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 11 | 6 | 2965000 | 1182441 | 40 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 700000 | 700000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 9000000 | 9000000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 15 | 12473396 | 8111699 | 65 |
| വി.ഇ.ഒ | 14 | 12 | 107016033 | 70210216 | 66 |
| എച്ച്.എം | 11 | 8 | 1335886 | 875287 | 66 |

കാർഷിക മേഖലകളുടെ പുനരുജ്ജീവനത്തിനും ഉല്പാദനവർദ്ധനവിനും ഉതകുന്ന തരത്തിലുള്ള പ്രോജക്ട് ആശയങ്ങൾക്ക് രൂപം കൊടുത്തുകൊണ്ട് ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയെങ്കിലും തുക മുഴുവൻചെലവഴിച്ച് പദ്ധതി പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലേത്തിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ ജനറൽ വിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിൻകീഴിലും ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

സേവനമേഖലയിൽ അസി.സെക്രട്ടറി,വി.ഇ.,ഒ,ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല. പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2018-19 വർഷം പശ്ചാത്തലമേഖലയിലെ പ്രോജക്ട് നിർവ്വഹണം 60% മാത്രമേ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 1769 | 366415 | 368184 | 368118 | 66 |
| തൊഴിലാളികളുടെ കൂലി | | 24315609 | 24315609 | 24315609 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,96,320/- | 308 |
| കർഷകതൊഴിലാളി പെൻഷൻ | 21,15,100/- | 172 |
| വിധവാപെൻഷൻ | 2,13,99,100/- | 2044 |
| വാർദ്ധക്യകാലപെൻഷൻ | 2,76,71,000/- | 2681 |
| വികലാംഗപെൻഷൻ | 63,97,400/- | 523 |
| 50 വയസ്സ്കഴിഞ്ഞ അവിവാഹിതാരായ സ്ത്രീകൾക്കുള്ള പെൻഷൻ | 552000 | 50 |
| Financial help for widow’s daughters’ Marriage | 5,40,000/- | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,25,053/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. എന്നാൽ ജോലി വിഭജന രേഖപ്രകാരം ഏല്പിച്ച നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ പല സെക്ഷനുകളും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും വീഴ്ചവരുത്തിക്കാണുന്നു. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു.മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിച്ചുകാണുന്നില്ല. പേമെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നില്ല. പല മാസങ്ങളിലും ഓഡിറ്റിന് ലഭ്യമാക്കിയത് മാനുവൽ വൗച്ചറുകളാണ്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുവെങ്കിലും വാങ്ങലുകളിൽ പലപ്പോഴും ക്രമരഹിത നടപടിക്രമങ്ങൾ സ്വീകരിച്ചുകാണുന്നു.

തെരുവുവിളക്കുകളുടെഎണ്ണം, തരം ഇവ കൃത്യമാക്കി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തെരുവുവിളക്ക് പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആധികാരികത ഇല്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം ഓഫീസ് പ്രവർത്തനം ഇവ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ പഞ്ചിംഗ് സജ്ജീകരണം നിലവിൽ ഉപയോഗിക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2019 | 9/2019&10/2019 | |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.4.18-8.5.18 | 2013-14 മുതൽ 2017-18 വരെ | 11.7.2018 |

## 1-11 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

2018 -19 വർഷ എ.എഫ്.എസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)14.3.19 കാനറാബാങ്കിൽ ഡിപ്പോസിറ്റ് ചെയ്ത 25,000/- രൂപ (വിമുക്തി-ചെക്ക് നം 399908 / 11.3.19 31.5.2019ലും ക്യാഷായിട്ടില്ല.

2)ചെക്ക് നം 399908/11.4.18 (കാനറാബാങ്ക്) Rs. 1,890/- stale cheque (liability in r/o stale cheque) ആയി കണക്കാക്കിയിട്ടില്ല.

3)ഡിപ്പോസിറ്റുകളുടെ മുന്നിരിപ്പ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടിന്നില്ല.

4)വസ്തിനികുതി ഡിമാൻറ്, കളക്ഷൻ, ബാലൻസ് തുകകൾ (അരിയർ, കറൻറ്) സഞ്ചയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5)സാമൂഹ്യനീതിവകുപ്പിൽ നിന്നും വരവുവന്ന (Plan State Share) 58,000/- രൂപ ലയബിലിറ്റിയായി കണക്കാക്കാതെ 16000206എന്ന ഹെഡിൽ വരവ് വച്ചിരിക്കുന്നു.

6)TSC Fund RP31 ൽ വരവായി കണക്കാക്കാതെ(ലയബിലിറ്റിയായി) 160100613 ൽ വരവായി ഉൾപ്പെടുത്തി. ബാലൻസ് 1714595/- ലയബിലിറ്റിയായി നിലനിൽക്കുന്നില്ല.

7)പ്രോജക്റ്റ് നം. 119/17, 116/17, 81/17, 80/17, 107/17 എന്നീ സംയുക്ത പ്രോജക്റ്റുകൾക്കായി 2017-18ൽ വന്ന വിഹിതത്തിൽ നിന്നും ലയബിലിറ്റിയായി 320700104 എന്ന ഹെഡിൽ 2017-

18 വർഷം ഉൾപ്പെടുത്തിയത്) 5,50,000/- രൂപ 31.3.18ലും 24,00,000/- രൂപ 31.3.19 ലും 160300102എന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. കൂടാതെ സംയുക്ത പ്രോജക്ട് നിർവ്വഹണത്തിനായി 320700204 എന്ന ഹെഡിൽ വരവുവന്നതിൽ ചെലവഴിക്കാനുള്ളതിൽ നിന്നും 57,07,998/- രൂപയും 160300102എന്ന ഹെഡിലേയ്ക്ക് വകമാറ്റി. സംയുക്ത പ്രോജക്ടുകൾക്കായുള്ള വിഹിതം ചെലവഴിച്ചിട്ടില്ലെങ്കിലും ലയബിലിറ്റിയായി കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. (160300102 -ബാലൻസ് 88,17,498/-).

8)RP34 Deposit Received for Halls & Auditorium വരവ് എ.എഫ്.എസ് പ്രകാരം 3,99,000/- രൂപയും register പ്രകാരം 3,70,000 രൂപയുമാണ്.

9)വൃക്ഷങ്ങളുടെ ലേലം ഡിപ്പോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത 500/- രൂപ Auction Deposit വരവിൽ കുറവുവന്നിട്ടില്ല.

10)വാടക തൻവർഷവരവ് - 76,052/- രൂപയാണ്. RP43 പ്രകാരം വരവ് 74,045 /- 2017-18 ലെ അഡ്വാൻസ് കളക്ഷൻ 2,007/- രൂപ സാംഖ്യയിൽ 2017-18വർഷത്തെ ലയബിലിറ്റിയായി കണക്കാക്കിയിട്ടില്ല.

11)B18 ഷെഡ്യൂളിലെ 460500201 460500202 460500205 ഹെഡുകളിൽ ഡിപ്പോസിറ്റായി 2017-18വർഷവും നീക്കിയിപ്പുള്ള തുകകൾ (യഥാക്രമം 56,75,500/-, 8,04,500/- 2,20,000/-) തൻവർഷവും ഡിപ്പോസിറ്റായി ശേഷിക്കുന്നു.

12)B9 ഷെഡ്യൂളിൽ ഉൾപ്പെട്ട അഡ്വാൻസ് തൊഴിൽനികുതി 350410102 4,500/- രൂപയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

13)ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ 350400501എന്ന ഹെഡിൽ വരവുവന്ന 1,50,000/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

14)B9 ഷെഡ്യൂളിൽ 350200104 ൽ ലയബിലിറ്റിയായി കാണിച്ചിട്ടുള്ള 10,750/-രൂപയിൽ 5,900/- രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ.

15) സാംഖ്യരസീത് പ്രിൻ്റിംഗ് ചാർജ് തെറ്റായി 180800199 എന്ന വരവ് ഹെഡിൽ കാണിച്ച Rs (-) 19,992/-.

16) ബ്ളോക്ക് ജില്ലാപഞ്ചായത്ത് മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകൾ ജോയിൻ്റ് വെഞ്ചർ അക്കൌണ്ടുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 രസീത് പ്രകാരം പിരിച്ച തുക അടവാക്കിയപ്പോൾ കുറഞ്ഞു- ഓഡിറ്റ് ചൂണ്ടി കാണിച്ചപ്പോൾ തിരിച്ചടച്ചു.

1-4-2018 മുതൽ 30-11-2019 വരെയുള്ള രസീത് പരിശോധനയിൽ വിവിധ രസീത് പ്രകാരം പിരിച്ച തുകയിൽ 4,077 / - രൂപ അടവാക്കാത്തതായി / ഭാഗികമായി അടവാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. ഇതിൻ്റെ കാരണം ആരാഞ്ഞു ഓഡിറ്റ് എൻക്വയറി നമ്പർ- 6 നൽകിയതിനെ തുടർന്ന് ഈ തുക17-12-19ലെ 119020105691, 119020105692, 119020105693 എന്നീ രസീതുകൾ പ്രകാരം തിരികെ അടവാക്കി .
വിശദവിവരം ചുവടെ

| ക്രമനമ്പർ | രസീത് നമ്പർ | തീയതി | പിരിച്ച തുക | അടവാക്കിയ തുക | അടവാക്കിയതിൽ കുറവ്. |
|---|---|---|---|---|---|
| 1 | 30539/61 | 14-1-19 | 137 | 127 | 10 |
| 2 | 30540/62 | 14-1-19 | 228 | 110 | 118 |
| 3 | 30566/66 | 14-3-19 | 464 | 0 | 464 |
| 4 | 46984/33 | 28-6-19 | 3824 | 388 | 3436 |
| 5 | 12997/32 | 21-4-18 | 1660 | 1640 | 20 |
| 6 | 20545/100 | 30-11-18 | 23 | 0 | 23 |
| 7 | 20530/24 | 6-12-18 | 619 | 613 | 6 |
| | | | | | ആകെ-4077 |

മേൽനോട്ട ചുമതലയിലുള്ള ഉദ്യോസ്ഥർ കൃത്യമായി ഓഫീസ് കളക്ഷൻ രജിസ്റ്ററുകളും രസീതുമായി ഒത്തു നോക്കാത്തതിലാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ഇത്തരം പാളിച്ചകൾ ഒഴിവാക്കേണ്ടതും കൃത്യമായ പരിശോധനകൾക്ക് ശേഷമല്ലാതെ മാന്വൽ രസീത് പ്രകാരം പിരിച്ച തുകകൾ അടവാക്കാൻ അനുവദിക്കുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതുമാണ്. മാന്വലായി പിരിച്ച തുകകളുടെ ' സഞ്ചയ 'സോഫ്റ്റ് വെയറിലേക്കുള്ള പോസ്റ്റിങ്ങും കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

## 1-13 അങ്കണവാടി അനുപൂരക പോഷകാഹാരം -അധിക തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കു വരുത്തി.

അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിയിൽ വാങ്ങിയ സാധനങ്ങൾക്ക് രണ്ട് പ്രാവശ്യം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകുകയും അളവ് തെറ്റായി രേഖപ്പെടുത്തി അധികം തുക കൈപ്പറ്റുകയും ചെയ്ത തുകകൾ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരികെ ഒടുക്കു വരുത്തി.

| നിർവഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
|---|---|
| പദ്ധതി,നം | അങ്കണവാടിഅനുപൂരക പോഷകാഹാരം (30/19) |
| അടങ്കൽ തുക | 2121234/-(വികസന ഫണ്ട്)<br>25,00,000(സെൻട്രൽ ഫണ്ട്)<br>5,00,000(ബ്ലോക്ക് വിഹിതം)<br>15,00,000(ജില്ലാപഞ്ചായത്ത് വിഹിതം) |
| | |

| | |
|---|---|
| ചെലവ് തുക | 43,37,230 |

ടി പദ്ധതിയിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം തേജസ് പെരുമ്പുഴഎന്ന യൂണിറ്റിൽ നിന്ന് വാങ്ങിയ സാധനങ്ങൾക്ക് രണ്ട് പ്രാവശ്യം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി.

| ബിൽ വിവരം | തുക | ചെലവ് വിശദാംശം |
|---|---|---|
| 109/30.6.2018<br>113/6.7.2018<br>111/6.7.2018 | 2,720/-<br>4,192/-<br>2,720/- | ബിൽ നം.21/18-19/<br>15.3.19-66037/- പ്രകാരവും<br>ബിൽ നം.4/18-19/<br>13.7.18-1725900/-<br>പ്രകാരവും നൽകിയിരിക്കുന്നു. |

2.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം 1450/2018/ത.സ്വ.ഭ.വ 25.5.2018 പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വില നവംബർ 2018 മുതൽ ജി.എസ്.ടി 5% ആയതിനാൽ 73.50/- രൂപയായി പുനർ നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ 70/-രൂപ നിരക്കിൽ വാങ്ങിയ സാധനത്തിന്റെ ബാക്കി വിലയായ 3.50/- രൂപ നിരക്കിൽ തുക നൽകിയതിൽ അധികം തുക നൽകി.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ വിവരം | സ്റ്റോക്കിന്റെ അളവ് | അധികം നൽകിയ സ്റ്റോക്കിന്റെ അളവ് | അധികം നൽകിയ തുക | ചെലവ് വിശദാംശം |
|---|---|---|---|---|
| 66/30.1.18 | 402.5 | 4025 | 3622.5x3.5<br>=12678.75 | 2527011/<br>30.11.2019-<br>1102287 |
| 80/26.3.18 | 1917 | 1971 | 54x3.50=189 | ,, |
| 81/26.3.18 | 402.5 | 4025 | 3622.5x3.5<br>=12678.75 | 2527011/<br>30.11.2019-<br>1102287 |
| | | ആകെ | 25546.5 | |

മേൽ വിഷയങ്ങൾക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രസീത് നം.9149113/16.12.19പ്രകാരം 25547/- രൂപയും,രസീത് നം.9149114/16.12.19പ്രകാരം 9632/- രൂപയും ഒടുക്കു വരുത്തി. ഭാവിയിൽ ഇത്തരത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.5/13.12.19

## 1-14 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിക്കുന്നില്ല.

കാലിത്തീറ്റ വിതരണത്തിനായി പദ്ധതിപ്പണം ഒടുക്കു വരുത്തുന്നെണ്ടിലും നാളിതു വരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ലാത്തവരും , വളരെ കുറച്ച് മാസങ്ങൾ മാത്രം കാലത്തീറ്റ കൈപ്പറ്റി നിലവിൽ കാലിത്തീറ്റ കൈപ്പറ്റാത്തവരും ഗുണഭോക്താക്കളായി തുടരുന്നു.

| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
|---|---|
| പദ്ധതി,നം | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി (52/19) |
| അടങ്കൽ തുക | 9,75,000/- (വികസന ഫണ്ട്)<br>9,75,000/-(മറ്റുള്ളവ) |
| ചെലവ് തുക | 9,75,000/-<br>(ബിൽനം.3/18-19/24.6.18-9,37,500/-&<br>6/18-19/8.1.19-37,500/-) |

ടി പദ്ധതി പ്രകാരം 4 മുതൽ 6മാസം വരെ പ്രായമുള്ള 75 കന്നുകുട്ടികൾക്ക് 32 മാസം വരെയോ പ്രസവിക്കുന്നത് വരെയോ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നു. ആയത് പ്രകാരം തൻവർഷം 75 ഗുണഭോക്താക്കൾക്ക് 12500/- രൂപ നിരക്കിൽ എസ്.എൽ.ബി.പി യിൽ തുക ഒടുക്കു വരുത്തിയിട്ടുണ്ട്. സൊസൈറ്റിയിൽ നിന്നുള്ള കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്നതിൽ നാളിതു വരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ലാത്ത ഗുണഭോക്താക്കളും, വളരെ കുറച്ച് മാസങ്ങൾ മാത്രം കാലത്തീറ്റ കൈപ്പറ്റിയശേഷം നിലവിൽ കാലിത്തീറ്റ കൈപ്പറ്റാത്തവരുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കാലിത്തീറ്റ കൈപ്പറ്റിയ കാലയളവ് | ഒടുക്കു വരുത്തിയ തുക | വ്യത്യാസം |
|---|---|---|---|
| ശോഭന കുമാരിയമ്മ,ചുടലവിളതെക്കതിൽ (വാർഡ്17) | നാളിതു വരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല | 12,500/- | 12,500/- |
| ലിജിമോൾ ,ചെപ്പള്ളി വടക്കതിൽ | നാളിതു വരെ കാലിത്തീറ്റ | 12,500/- | 12,500/- |

| | | | |
|---|---|---|---|
| (വാർഡ്4) | കൈപ്പറ്റിയിട്ടില്ല | | |
| രമാദേവി,കോട്ടൂർ വീട്,പെരുമ്പുഴ (വാർഡ്12) | 12/18-615<br>1/19-615<br>2/19-615<br>3/19-615<br>4/19-615<br>5/19-615<br>ഇൻഷുറൻസ്-357<br>4047 | 12,500/- | 8,453/- |
| വസന്ത<br>കോട്ടൂർവീട്,പെരുമ്പുഴ<br>(വാർഡ്12) | 12/18-615<br>1/19-615<br>2/19-615<br>3/19-615<br>4/19-615<br>5/19-615<br>ഇൻഷുറൻസ്-357<br>4047 | 12,500/- | 8,453/- |
| ലീലാമണിയമ്മ<br>മണിമന്ദിരം<br>പുനക്കന്നൂർ | 1/19-615<br>2/19-615<br>3/19-615<br>4/19-615<br>6/19-615<br>ഇൻഷുറൻസ്-357<br>3432 | 12,500/- | 9,068/- |
| ആരിഫാബീവി സക്കീർഹൌസ്<br>പെരുമ്പുഴ<br>(വാർഡ്12) | നാളിതു വരെ<br>കാലിത്തീറ്റ<br>കൈപ്പറ്റിയിട്ടില്ല | 12,500/- | 12,500/- |
| റാണി | 1/19-615 | 12,500/- | 10,298/- |

| | | | |
|---|---|---|---|
| റാണി ഭവനം<br>(വാർഡ്18) | 3/19-615<br>4/19-615<br>ഇൻഷ്വറൻസ്-357<br>2202 | | |
| സുമ<br>കലിംഗരവീട്<br>പുനക്കന്നൂർ | 4/19-615<br>5/19-615<br>7/19-615<br>ഇൻഷ്വറൻസ്-357<br>2202 | 12,500/- | 10,298/- |
| സരസ്വതിയമ്മ<br>കലിംഗരവീട്<br>പുനക്കന്നൂർ | 4/19-615<br>5/19-615<br>7/19-615<br>ഇൻഷ്വറൻസ്-357<br>2202 | 1,250/- | 10,298/- |
| | ആകെ തുക | | 94,368/- |

കാലിത്തീറ്റ കൈപ്പറ്റാതെ ചെലവഴിക്കാൻ അവശേഷിക്കുന്ന എസ്.എൽ.ബി.പി യിൽ നിന്ന് തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 15/20-12-19.

## 1-15 സാമൂഹ്യ സാക്ഷരതാ പരിപാടി -സാക്ഷരതാമിഷന് ഫണ്ട് കൈമാറിയെങ്കിലും പ്രോജക്ട് പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകളില്ല

നിർവ്വഹണം-എച്ച്.എം

പ്രോജക്ട് നം-215/19

തനത്ഫണ്ട്-75,000/- ചെലവ്-75,000/-(ചെക്ക് നം-217910/22.3.2019)

മേൽ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 30 ഗുണഭോക്താക്കൾക്ക് ഗുഡ് ഇംഗ്ലീഷ് എന്ന സർട്ടിഫിക്കറ്റ് കോഴ്സിന് 75000/- രൂപ സാക്ഷരതാമിഷന് നൽകി.പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

2) ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം മെയ്മാസത്തിൽ 4 ദിവസം (5.5.19, 11.5.19, 12.5.2019, 26.5.2019), ജൂൺമാസം4ദിവസം 6.2019, 9.6.2019, 16.6.2019, 23.6.2019),

ജൂലൈമാസം 5 ദിവസം(7.7.2019, 13.7.2019, 14.7.2019, 21.7.2019,28.7.2019) എന്നിങ്ങനെ ആകെ 13 ദിവസം കോഴ്സ് നടത്തിയതിന്റെ അറ്റന്റൻസിന്റെ പകർപ്പ് ഹാജരാക്കി. എന്നാൽ കോഴ്സിന്റെ കാലാവധി എത്രയാണെന്ന് വ്യക്തമല്ല.

3) കോഴ്സ് പൂർത്തീകരിച്ച് പരീക്ഷനടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്തതായുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കോഴ്സ് നടത്തിപ്പിന് ചുമതല വഹിച്ചതാരെന്നോ നടത്തിയ സ്ഥലമേതെന്നോ വ്യക്തമല്ല.

4) ഗുണഭോക്താക്കളുമായി ബന്ധപ്പെട്ടതിൽ നിന്നും അപേക്ഷസമർപ്പിച്ചെങ്കിലും പലരും ക്ലാസിൽ പങ്കെടുത്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കളുടെ അറ്റൻഡൻസ് മാർക്ക് ചെയ്തതായി ഹാജരാക്കിയ അറ്റന്റൻസിന്റെ കോപ്പിയിൽ കാണുന്നു.

5)ഗുണഭോക്താക്കളെ ഗ്രാമസഭ,കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 75,000/- രൂപ നിക്ഷേപിച്ചതൊഴിച്ചാൽ പ്രോജക്ട് നിർവ്വഹണം പൂർത്തിയായി എന്നും മേൽ പ്രോജക്ടിലൂടെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു എന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ 75000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കോഴ്സ് നടത്തിപ്പിന്റെ ആധികാരിക രേഖകൾ, സർട്ടിഫിക്കറ്റ് കോഴ്സ് ട്രെയിനിംഗ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ച യഥാർത്ഥ ഗുണഭോക്താക്കളുടെ രേഖകൾ എന്നിവ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-6/16-12-19.

## 1-16 വായനാക്കൂട്ടം-ക്വട്ടേഷൻ നിരക്കിനുപരിയായി പ്രസിദ്ധീകരണങ്ങൾക്ക് വില നൽകി

പ്രോജക്ട് നം-196/19
നിർവ്വഹണം-എച്ച്.എം

പദ്ധതിവിഹിതം(ജനറൽ)-100000/-

ചെലവ് 63221/-(ബിൽ നം-10/6.3.19-13902/-, ബിൽ നം-6/28.1.19-49319/-)

മേൽ പ്രോജക്ടിലൂടെ പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികളുടെ വിവിധ മാസികകൾ സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ പ്രസാദിന്റെ ക്വട്ടേഷൻ സ്വീകരിച്ച് സപ്ലൈ ഓർഡർ നൽകി. എന്നാൽ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിൽ കവിഞ്ഞ് ചില ഇനങ്ങൾക്ക് വില നല്യകിയതു മൂലം നഷ്ടം ഉണ്ടായി. ഇതിൽ 5.12.2018 മുതൽ 2.1.2019 വരെ വിതരണം ചെയ്ത പ്രസിദ്ധീകരണങ്ങളുടെ വില 2018-19 വർഷവും 9.1.2019 മുതലുള്ളവയുടെ വില പ്രോജക്ട് സ്പിൽ ഓവറാക്കി 2019-20 വർഷവുമാണ് ചെലവ് ചെയ്തത് . അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രസിദ്ധീകരണത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക | നൽകിയ നിരക്ക് | അധികം നൽകിയതുക | | |
|---|---|---|---|---|---|
| | | | 5.12.18-2.1.19 | 9.1.2019-6.2.19 (ചെലവ് 2019-20 വർഷം) | 6.2.19 മുതൽ (ചെലവ് 2019-20 വർഷം) |
| ബാലരമ | 14 | 15 | 185x1=185 | 185x1=185 | 185x1=185 |
| ബാലരമ ഡൈജസ്റ്റ് | 9.50 | 10 | 185x.50=92.50 | 185x.50=92.50 | 185x.50=92.50 |
| മാജിക്പോട്ട് | 14 | 15 | 169x1=169 | 185x1=185 | 222x1=222 |
| കളിക്കുടുക്ക | 12 | 13 | 155x1=155 | 155x1=155 | 124x1=124 |
| ബാലഭൂമി | 12 | 13 | 111x1=111 | 184x1=184 | 185x1=185 |
| കുട്ടികളുടെ ദീപിക | 9.50 | 10 | 74x.5=37 | 74x.5=37 | 74x.5=37 |
| യാത്ര | 48 | 160/60 | | 35x112=3920 (നൽകിയത് @160) | 18x12=216 (നൽകിയത് @60) |
| അധികംനൽകിയ തുക | | | 749.50/-രൂപ | 4758.50/-രൂ | 1061/-രൂ |

നഷ്ടത്തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.2018-19 വർഷം749.50/-രൂപ രൂപയുടേയും 2019-2020 വർഷം 5,819.50/-രൂപയുടേയും നഷ്ടം ഉണ്ടായി . മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയിലുള്ള മറുപടിയിൽ പ്രസിദ്ധീകരണങ്ങളുടെ വില വർദ്ധിക്കുന്നതിനനുസ്സരിച്ച് ക്വട്ടേഷൻ നിരക്കിൽ മാറ്റം വരുമെന്ന് അറിയിച്ചു. എന്നാൽ വിലയിൽ മാറ്റം വന്നതായി ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ

ഓഡിറ്റ് എൻക്വയറി നമ്പർ 6/16-12-19.

## 1-17 സ്ക്കൂളുകൾക്ക് ഫർണിച്ചർ - അധികനിരക്ക് നൽകിയതുമൂലം നഷ്ടം-54960/-

പ്രോജക്ട് നം- 200/19

അടങ്കൽ തുക-1,80,886/-(റോഡിതരം)

നിർവ്വഹണം-എച്ച്.എം

ചെലവ് തുക- 1,25,313/-(ബിൽ നമ്പർ-2/18-19/7.9(8)

മേൽ പ്രോജക്ടിൽപ്പെടുത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ നിന്നും സ്കൂളുകൾക്കാവശ്യമായ വിവിധ ഫർണിച്ചറുകൾ വാങ്ങി. മേൽ സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾകൂടാതെ വാങ്ങാവുന്ന ഫർണിച്ചറുകളുടെ നിരക്ക്നിശ്ചയിച്ച് ജി.ഒ(ആർ.റ്റി) 35/2017എസ്.പി.ഡി തീയതി 27.6.2017 പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അനുബന്ധം 2 ൽ ഉൾപ്പെടാത്തസ്പെസിഫിക്കേഷനുകൾ പ്രകാരം ഫർണിച്ചറുകൾ വാങ്ങിയപ്പോൾ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നിന്നും വ്യത്യസ്തമായി അധികനിരക്കിൽ ഫർണിച്ചറുകൾ വാങ്ങിയതുമൂലം 2018-19 വർഷം അധികചെലവുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

1)Anjili wood desk 150x35x60

മേൽ ഉത്തരവിന്റെ അനുബന്ധം 2 ൽ 16 ാം ഇനമായി ഉൾപ്പെടുത്തിയ ആഞ്ഞിലിയിലുള്ള 180x40x75സെ.മീ സൈസിലുള്ള ഡെസ്കിന് 5,335/-രൂപയാണ് വില ( അതായത് 1സെ.മീ3 ന്.0099രൂപ).ഈ നിരക്കിനെഅടിസ്ഥാനമായി കണക്കാക്കിയാൽ ആഞ്ഞിലിയിലുള്ള 150x35x60 സെ.മീ സൈസിലുള്ള ഡെസ്കിന് നൽകേണ്ട നിരക്ക് 3,118.5രൂപയാണ്

2)Anjili wood bench 150x25x35cm

മേൽ ഉത്തരവിന്റെ അനുബന്ധം 2 ൽ 4 ാം ഇനമായി ഉൾപ്പെടുത്തിയ ആഞ്ഞിലിയിലുള്ള 180x30x45സെ.മീ സൈസിലുള്ള ബെഞ്ചിന് 3,343/-രൂപയാണ് വില ( അതായത് 1 സെ.മീ ന് .01375രൂപ). ഈ നിരക്കിനെ അടിസ്ഥാന മായി കണക്കാക്കിയാൽ ആഞ്ഞിലിയിലുള്ള 150x25x35സെ.മീ സൈസിലുള്ള ബെഞ്ചിന് നൽകാവുന്ന നിരക്ക് 1,837/- രൂപയാണ്.

ഇത്തരത്തിൽ മേൽ രണ്ട് ഇനങ്ങൾക്കായി അധികം തുക ചെലവഴിച്ചു.

| വാങ്ങിയ ഫർണിച്ചറിന്റെ ഇനവിവരം/ | നൽകിയ നിരക്ക് | അനുവദനീയമായ നിരക്ക്(ഇനവിവരം) | വാങ്ങിയ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|
| Anjili wood desk 150x35x60 | 4526 | 3119 | 20 | 1407x20=28140 |
| Anjili wood bench 150x25x35 | 3178 | 1837 | 20 | 1341x20=26820 |
| ആകെ അധികം നൽകിയ തുക | | | | 54,960/- |

## 1-18 തുല്യതാപഠനം- വിനിയോഗ വിശദാംശം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം-97/19
നിർവ്വഹണം- എച്ച്.എം

മെയിന്റനൻസ് ഫണ്ട്(റോഡിതരം)-1ലക്ഷം

ചെലവ്-95250/-( ബിൽ നമ്പർ-8/6-3-19

സാക്ഷരതാ പരിപാടിയുടെ ഭാഗമായി ചുവടെചേർക്കും പ്രകാരം തുക സാക്ഷരതാമിഷനിൽ നിക്ഷേപിച്ചു. എന്നാൽ തുകയുടെ വിനിയോഗം, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ വിശദാംശം ഇവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | ഒടുക്കിയ തുക |
|---|---|---|
| 10 ാം തരം തുല്യ | 21 | 38,850/- |
| ഹയർസെക്കൻഡറി (ഒന്നാം വർഷം) | 20 | 52,500/- |
| ഹയർസെക്കൻഡറി (രണ്ടാം വർഷം) | 2 | 3,900/- |

ഓഡിറ്റ് എൻക്വയറി നമ്പർ-6/16-12-19.

## 1-19 വാടക സ്ഥിരമായി കുടിശ്ശിക വരുത്തുന്നു

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വിവിധ മുറികൾ വാടകയ്ക്കെടുത്ത് സ്ഥാപനങ്ങൾ നടത്തുന്ന,

1. ശ്രീ.മനോജ്, ചരുവിള താഴതിൽ, കാഞ്ഞിരകോട് ( റൂം. P1,P5)
2. റിഷാദ്, ചരുവിള വീട്, നെടുമ്പായിക്കുളം, ( റൂം. P4, P7)

3. ഇക്ബാൽ ( Bus stand-1) എന്നിവർ വർഷങ്ങളായി വാടക കുടിശ്ശിക 'വരുത്തുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ 2016-17, 2017-18 വർഷങ്ങളിലെ റിപ്പോർട്ടുകളിലും പരാമർശം ഉണ്ട്. എങ്കിലും കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. ഓഡിറ്റ് വർഷം ഇതേ വ്യക്തികൾ വാടക ഇനത്തിൽ അടവാക്കാനുള്ള കുടിശ്ശിക 50, 364/- രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനംപർ | വാടകക്കാരന്റെ പേര് | റൂം നംപർ | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | ശ്രീ.മനോജ്, ചരുവിള താഴതിൽ, കാഞ്ഞിരകോട് | പി1 | 714 | 8568 |
| 2 | | പി5 | 592 | 7104 |
| 3 | റിഷാദ്, ചരുവിള വീട്, നെടുമ്പായിക്കുളം | പി4 | 959 | 11508 |
| 4 | | പി7 | 895 | 10740 |
| 5 | ഇക്ബാൽ | Bus stand-1 | 3111 | 12444(12/18 മുതൽ3/19 വരെ) |
| | | | ആകെ | 50364 |

തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് മുറി തുടർന്നുള്ള വർഷങ്ങളിലും അനുവദിക്കാനുണ്ടായ സാഹചര്യവും കുടിശ്ശിക തുക പിരിച്ചെടുക്കാത്തതിനുള്ള കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി-10 നുള്ള മറുപടിയിൽ തുക പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക(മുൻ വർഷത്തേത് ഉൾപ്പെടെ) പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. കുടിശ്ശിക തുക പിരിച്ചെടുക്കാത്ത പക്ഷം 2018-19 വർഷത്തെ കുടിശ്ശിക50364/- രൂപ സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

ഓഡിറ്റ് ഓൻക്വയറി നമ്പർ- 10/19-12-19.

## 1-20 പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ -ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് നടത്തിയത് മൂലം 16,500/- രൂപ നഷ്ടം.

പ്രോജക്ട് നം SO 179/18-19

അടങ്കൽതുക-454,000/-രൂപ (റോഡിതരം)

ചെലവഴിച്ച തുക - 219900/--രൂപ, ബിൽ( നം.1/16-6-18)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനു കളിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടറുകൾ വാങ്ങിയത് മൂലം അധികം തുക ചെലവഴിച്ചിരിക്കുന്നു. മേൽ പദ്ധതി വഴി 6 കമ്പ്യൂട്ടറുകൾ 36,650/- രൂപ നിരക്കിൽ (intel core i3 7th generation processor, 20 inch monitor, 5 വർഷ വാറന്റി ) 219,900/- രൂപയ്ക്ക് Hypertech system, kollam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ടെണ്ടർ പരസ്യം പരിശോധിച്ചതിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് 3-10-17ൽ നല്കിയ ടെന്റർ പരസ്യത്തിൽ (window no G60126/17 of www.lsgkerala.gov.in) intel core i3, 4GB RAM, 500GB SATA HDD, 47 cm(18.5 inch) LED monitor, 8xDVD drive തുടങ്ങി സ്പെസിഫിക്കേഷനുകളോട് കൂടിയതും 3 വർഷ വാറന്റിയോട് കൂടിയതുമായ കമ്പ്യൂട്ടറുകൾക്കാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. 4 ടെണ്ടറുകൾ ലഭിച്ചതിൽ ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനുകളോടും (intel core i3 7th generation processor, windows professional 10,18.5inch LED monitor, 3 വർഷ വാറന്റി ) വാറന്റിയോടും കൂടിയ കമ്പ്യൂട്ടർ 33,900/-രൂപയ്ക്ക് F1 Solution, എഴുകോൺ എന്ന സ്ഥാപനമാണ് ക്വോട്ട് ചെയ്തിരുന്നത്. 20 inch monitor, 5 വർഷ വാറന്റി എന്നിവയോട്കൂടിയതും മറ്റ് സ്പെസിഫിക്കേഷനുകളെല്ലാം F1 Solution ന്റേതിന് തുല്യമായതുമായ കമ്പ്യൂട്ടറാണ് Hypertech system, kollam എന്ന സ്ഥാപനം 36,650/- രൂപയ്ക്ക് ക്വോട്ട് ചെയ്തിരുന്നത്. സ്റ്റോർ പർച്ചേസ് മാനുവൽ ഖ.7.33.4 ൽ ടെണ്ടർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷനുകൾ വളരെ വ്യക്തത ഉള്ളതായിരിക്കണമെന്നും ടെണ്ടർ ക്ഷണിച്ചതിന് ശേഷം സ്പെസിഫിക്കേഷൻ മാറ്റുവാൻ പാടില്ല എന്നും വ്യക്തമാക്കുന്നുണ്ട്. കമ്പ്യൂട്ടർ വാങ്ങൽ സംബന്ധിച്ച കമ്മറ്റി തീരുമാനം പരിശോധിച്ചതിൽ (10-11-17ലെ തീരുമാന നമ്പർ 1.6.4) 4 ടെണ്ടറുകൾ ലഭിച്ചതിൽ വിൻഡോസ് ഉള്ള കമ്പ്യൂട്ടർ ആണ് ഓഫീസ് ഉപയോഗത്തിന് നല്ലതെന്നുള്ള വിലയിരുത്തലിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഹൈപ്പർ ടെക്ക് കൊല്ലത്തിന്റെ ടെണ്ടർ അംഗീകരിച്ച തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടറിന് ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നത് F1 Solution നായിരിക്കെ ടെണ്ടർ പരസ്യത്തിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടർ കൂടിയ വിലയ്ക്ക് പർച്ചേസ് നടത്തിയതു മൂലം ഒരു കമ്പ്യൂട്ടറിന് 2,750/-(36,650-33,900)രൂപ നിരക്കിൽ 6 കമ്പ്യൂട്ടറുകൾക്ക് 16,500/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടത്തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ 2017-18ൽ തനത്ഫണ്ട് വകയിരുത്തിനടപ്പാക്കിയ

പ്രോജക്ട് 2018-19 ൽ റോഡിതരഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേ ണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-4/12-12-19

## 1-21 തെരുവുവിളക്ക് മെയിന്റനൻസ്- ക്രമരഹിതമായ നടപടിക്രമങ്ങൾ

പ്രോജക്ട്നം-177/19

നിർവ്വഹണം- സെക്രട്ടറി.

2017-18 വർഷം 22/17 നം പ്രോജക്ടിൽ 3ലക്ഷം രൂപ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ട് 2017-18 വർഷം ടെണ്ടർ ക്ഷണിച്ച് ശ്രീ. ഉണ്ണികൃഷ്ണപിള്ളയ്ക്ക് ഏല്പിച്ചുനൽകി. 2017-18 വർഷം ടെണ്ടർ നടപടികൾ പൂർത്തിയായെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല. 2018-19 വർഷം പ്രോജക്ട് സ്പിൽഓവർ ആയി നടപ്പാക്കിയപ്പോൾ ഫിനാൻസ് കമ്മിഷൻ ഗ്രാന്റിനു പകരം തനത്ഫണ്ട് 7ലക്ഷം രൂപ വകയിരുത്തി(177/19). കരാറുകാരൻ പ്രോജക്ടിനായി നാലു സ്റ്റേജുകളിലായി നടത്തിയ പ്രവൃത്തിയ്ക്ക് 5,95,265/-രൂപ യുടെ ബിൽ ഹാജരാക്കിയതിൻ പ്രകാരം 3,00,000/- ലക്ഷം രൂപ മേൽ പ്രോജക്ട്പ്രകാരവും 2,50,000/- രൂപ പ്രോജക്ട് നം. 225/19പ്രകാരവും ചെലവുചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)2017-18 വർഷം ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് വകയിരുത്തിയെങ്കിലും ചെലവുചെയ്യാതെപ്രോജക്ട് സ്പിൽ ഓവറാക്കിയപ്പോൾ ഫണ്ട് വകമാറ്റി വകയിരുത്തി.

2) 3 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിനുവേണ്ടിയാണ് ടെണ്ടർ ക്ഷണിച്ചത് . എന്നാൽ പ്രോജക്ട് നടപ്പാക്കിയപ്പോൾ 5ലക്ഷത്തിനുപരിയായ പ്രോജക്ട് ആണെങ്കിൽ കൂടി ഇ-ടെണ്ടർ നടപടികൾ കൈക്കൊള്ളാതെ തെരെഞ്ഞെടുത്ത സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

3)ഒരേ പ്രവർത്തിയ്ക്കായി ചെലവായ തുക രണ്ട് പ്രോജക്ടുകളിലായി നൽകി. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് തെരുവു വിളക്ക് പരിപാലനം അനിവാര്യ ചുമതലയായതിനാൽ അടിയന്തിരമായി പ്രവൃത്തി നടത്തിയതാണെന്ന് വ്യക്തമാക്കി. മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-22 അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട്നം-180/19

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ തുക-5,80,000/-രൂപ.

വികസനഫണ്ട്-2,20,000/-(ചെലവ് തുക- 17-18-ലെ ചെലവ് )

തനത്ഫണ്ട്-3,60,000/-(ചെലവ് തുക- ചെക്ക്-687800/9.10.18)

സാമൂഹ്യ നീതി ഡയറക്ടറുടെ A7-4774/17/29.08.16 പ്രകാരം തെരഞ്ഞെടുത്ത 69 അംഗൻവാടികളിൽ ഉൾപ്പെട്ട വാർഡ്11 ലെ അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി പ്രതീക്ഷിത ചെലവ് 14.5ലക്ഷം രൂപയുടെ 40ശതമാനം 5,80,000/-രൂപയിൽ 2,20,000/-

രൂപ വികസനഫണ്ടിൽ നിന്നും 3,60,000/-രൂപ തനനത്ഫണ്ടിൽ നിന്നും പി.ഡബ്ല്യ.ഡി -ൽ നിക്ഷേപിച്ചു. പി.ഡബ്ല്യ.ഡി മുഖേന പ്രവൃത്തി നിർമ്മാണമാണ് ലക്ഷ്യമിട്ടിരുന്നത് ഇതിൽ 2,20,000/-രൂപ സർക്കാരിലേക്ക് പി.ഡബ്ല്യ.ഡി-യുടെ അക്കൌണ്ടിൽ നിന്നും കുറവുചെയ്തതായും പി.ഡബ്ല്യ.ഡിയിൽ നിന്നും അറിയിച്ചു. മേൽ അംഗൻവാടിയുടെനിർമ്മാണം ആരംഭിച്ചിട്ടില്ല. പി.ഡബ്ല്യ.ഡി യുടെ അക്കൌണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-4/18-12-19.

## 1-23 ഭവന പുനരുദ്ധാരണം (എസ്.സി) അധികം തുക അനുവദിച്ചു.

ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു.

| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
|---|---|
| പദ്ധതി,നം | ഭവന പുനരുദ്ധാരണം (എസ്.സി) (102/19) |
| അടങ്കൽ തുക | 31,50,000/-(വികസന ഫണ്ട്എസ്.സി) |
| ചെലവ് തുക | 3,75,000/-<br>[1) 33/18-19/13.01.19 -8,25,000/-<br>2) 34/18-19/23.01.19-1,75,000/-<br>3) 36/18-19/23.01.19-1,25,000/-<br>4) 43/18-19/30.01.19-1,00,000/-<br>5) 48/18-19/14.02.19-1,25,000/-<br>6) 50/18-19/16.02.19-25,000/-<br>7) 52/18-19/18.02.19-2,75000/-<br>8) 54/18-19/26.02.19-1,75,000/-<br>9) 53/18-19/18.02.19-1,25,000/-<br>10) 57/18-19/26.02.19-1,00,000/-<br>11) 62/18-19/27.02.19-1,00,000/-<br>12) 64/18-19/28.02.19-1,00,000/-<br>13) 65/18-19/28.02.19-1,00000/-<br>14) 68/18-19/21.03.19-2,50,000/-<br>15) 70/18-19/21.03.19-1,00,000/-<br>16) 61/18-19/27.02.19-2,50,000/-<br>17) 71/18-19/15.03.19-75,000/-<br>17) 77/18-19/28.03.19-50,000/-] |

ടി പദ്ധതിയിൽ ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ചിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഓവർസിയറിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്ക് | അനുവദിച്ച തുക | വ്യത്യാസം |
|---|---|---|---|
| രാധ<br>വിളയിൽ വീട്<br>പെരുമ്പുഴ | 30,500/- | 50,000/- | 19,500/- |
| ബിന്ദു<br>വൈഷ്ണവം<br>പെരുമ്പുഴ | 32,000/- | 50,000/- | 18,000/- |
| | | ആകെ | 37,500/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികമായി നൽകിയ തുക തിരികെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.14/20.12.19
നിരാകരിച്ച തുക-37,500/-

## 1-24 പൊതുകിണറിന് മോട്ടോർസ്ഥാപിക്കൽ-വാട്ടർ അതോറിട്ടിയുടെ നിയന്ത്രണത്തിലുള്ള പമ്പിൽ മോട്ടോർ സ്ഥാപിച്ചത് സംബന്ധിച്ച്

നിർവ്വഹണം-സെക്രട്ടറി

പ്രോജക്ട്നം-139/19

ചെലവ് തുക 280000/-(687809/23.11.2018)

മാമച്ചൻകാവ് പമ്പ്ഹൌസിൽ 10 HP മോട്ടോർ സ്ഥാപിക്കുന്നതിനായി 2,80,000/-രൂപ വാട്ടർഅതോറിട്ടിയിൽ നിക്ഷേപിച്ചതിൽ 2,13,675/-രൂപ ചെലവഴിച്ചതായി വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കി. മേൽ പമ്പ്ഹൌസ് 2014 ൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ്. വാട്ടർ അതോറിട്ടിയുടെനിയന്ത്രണത്തിലുള്ള പമ്പിൽ മോട്ടോർ മാറ്റിവയ്ക്കാൻ ഗ്രാമപഞ്ചായത്ത് തനത്ഫണ്ട് ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് MLA ഫണ്ട് ഉപയോഗിച്ച നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ തുടർ പരിപാലനം ഗ്രാമപഞ്ചായത്ത് നടത്തണമെന്ന ധാരണയിലാണ് മേൽ പ്രകാരം ചെയ്തതെന്ന് മറുപടി നൽകി. എന്നാൽ തുടർ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ഏൽപ്പിച്ച് നൽകിക്കൊണ്ടുള്ള രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 213675/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ ചെലവഴിക്കാതെ വാട്ടർ അതോറിട്ടിയിൽ ശേഷിക്കുന്ന 66,325/-രൂപ തിരികെ ഈടാക്കി വിവരം

അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-18/20-12-19.

## 1-25 ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു-നഷ്ടം 2816/-

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതി,നം | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (219/19) |
| അടങ്കൽ തുക | 486675/-(സി.എഫ്.സി ഫണ്ട്) |
| ചെലവ് തുക | 203216/-<br>ബിൽ നം.39/18-19/28.01.19-46,200/-<br>ബിൽ നം.55/18-19/26.02.19-37,016/-<br>ബിൽ നം.67/18-19/15.03.19-69,000/-<br>ബിൽ നം.72/18-19/15.03.19-21,000/-<br>ബിൽ നം.76/18-19/25.03.19-9,000/-<br>ബിൽ നം.73/18-19/15.03.19-21,000/- |

പ്രസ്തുത പദ്ധതി പ്രകാരം സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് വഴി 2816/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|
| അമൃത ഗ്രാഫിക്സ് | 37016 |
| ശ്യാമ എന്റർപ്രൈസസ് | 35050 |
| ബിജി പ്രിന്റേഴ്സ് | 34200 |

ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും തമ്മിൽ 2,816/- രൂപയുടെ വ്യത്യാസം ഉണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടം സംഭവിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.21/20.12.19

നിരാകരിച്ച തുക-2816/-

## 1-26 പദ്ധതി നിർവ്വഹണചെലവ്-പ്രിന്റിംഗിന് ടെണ്ടർ ക്ഷണിക്കാതെ വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചു നടപ്പാക്കി.-

നിർവ്വഹണം-സെക്രട്ടറി

പ്രോജക്ട് നമ്പർ-1/2019

അടങ്കൽ തുക-3 ലക്ഷം(തനത് ഫണ്ട്)

ചെലവ് തുക-184855/-

-16260/-( ചെക്ക് നം.250632/26.9.18)

-97470/-(ചെക്ക് നം.96928/9-8-18)

-71125/-(ചെക്ക് നം.217907/20.3.19)

പദ്ധതി രൂപീകരണം, നിർവ്വഹണം മോണിട്ടറിംഗ് എന്നിവയുടെ ഭാഗമായി വികസനരേഖ, പദ്ധതിരേഖ, അപേക്ഷാഫാറങ്ങൾ, ഗുണഭോക്തൃലിസ്റ്റ് തുടങ്ങിയ ഇനങ്ങൾ പ്രിന്റ് ചെയ്തതിന് 184855രൂപ പ്രിന്റിംഗ് ചാർജ്ജ് നൽകിയിട്ടുണ്ട്. ഓരോ ഇനം പ്രിന്റ് ചെയ്യുമ്പോഴും പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടത്തിയതായി കാണുന്നു. എന്നാൽ എല്ലാവർഷവുമുള്ള ആവർത്തനചെലവായിരുന്നിട്ടുകൂടി പ്രിന്റിംഗ് നടത്തേണ്ട മുഴുവൻ ഇനങ്ങളും ഒന്നായി ടെണ്ടർ ചെയ്യാതെ വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രിന്റിംഗ് നടത്തിയിട്ടുള്ളത്. ഈ വിഷയത്തിന് വിശദീകരണം ലഭ്യമാക്കാനാ വശ്യപ്പെട്ടതിന് തുടർന്ന് നിർദ്ദേശം പാലിക്കാമെന്ന മറുപടി ലഭ്യമാക്കി. ഒരോ വർഷത്തേക്കുമുള്ള ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് ഒന്നായി ടെണ്ടർ ചെയ്യുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്.

## 1-27 വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല-122915/-രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 1,22,915/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

| **പ്രോജക്ട്** | **തുക** |
|---|---|
| ഐ.കെ.എം വിഹിതം നൽകൽ,14/19<br>അടങ്കൽ-1,22,915/-(വികസന ഫണ്ട് ജനറൽ) | 122915/-<br>(Bill No-15/18.1.19) |
| ജീവനം -തുക നൽകൽ,119/19<br>1 ലക്ഷം (വികസന ഫണ്ട് ജനറൽ) | 100000/-<br>(Bill No-12/22.11.18) |
| **ആകെ** | **2,22,915/-** |

## 1-28 ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

1)ഹരിശ്രീ ഹോട്ടൽ ആന്റ് ബാർ, പെരുമ്പുഴ

2) കാവേരി ബാർ, മുക്കട ,കുണ്ടറ

3) ഹോട്ടൽ റോയൽ പാർക്ക് ബാർ അറ്റാച്ച്ഡ് ,ആശുപത്രിമുക്ക്, കുണ്ടറ

എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല. ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. നിലവിലെ സ്ഥിതിവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി-9 നുള്ള മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന അറിച്ചിട്ടുണ്ട്.തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 തനത് ഫണ്ട് -ബാങ്ക് അക്കൗണ്ടിൽ നിന്നും ക്യാഷ് ഹാൻഡിലിംഗ് ചാർജ്ജ് ഈടാക്കി

ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് വരവുകൾ ഒടുക്കുന്നത് കാനറാ ബാങ്ക് കുണ്ടറ ശാഖയിലെ എസ്.ബി അക്കൗണ്ടിലാണ് [അക്കൗണ്ട് നമ്പർ: 3582101006729]. ഓഡിറ്റ് വർഷത്തിൽ 1-4-2018 മുതൽ 31-3-19വരെ കാലയളവിൽ ഈ അക്കൗണ്ടിൽ നിന്നും ക്യാഷ് ഹാൻഡിലിംഗ് ചാർജ്ജ് ഇനത്തിൽ 14,176/- രൂപയും ചെക്ക് ബുക്കിനുള്ള സർചാർജ്ജിനത്തിൽ 991 / - രൂപയും [ ആകെ 15,167 രൂപ ] ബാങ്ക് നേരിട്ട് കുറവ് വരുത്തിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 17 -10 - 17 ലെ G4-22677 / 14 കത്ത് പരിഗണിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ബാങ്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ നിന്നും സർവീസ് ചാർജ്ജ് ഈടാക്കുന്നതിൽ ഇളവ് നൽകുന്നുണ്ട്. ക്യാഷ് ഹാൻഡിലിംഗ് ചാർജ്ജിനത്തിൽ തുക നേരിട്ട് കിഴിവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളും നാളിതുവരെ കാഷ് ഹാൻഡിലിംഗ് ചാർജ്ജിനത്തിലും ചെക്ക് ബുക്ക് സർചാർജ്ജിനത്തിലും ബാങ്ക് നേരിട്ട ഈടാക്കിയ തുകയുടെ കണക്കും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 17 ന് മറുപടി നൽകിയില്ല. സർവീസ് ചാർജ്ജ് ഈടാക്കുന്നതിൽ ഇളവ് നൽകാത്ത പക്ഷം ഇത്തരം ചാർജ്ജുകൾ ഇല്ലാത്ത ബാങ്കുകളിലേക്ക് തനത് ഫണ്ട് അക്കൗണ്ട് മാറ്റുന്നത് അടക്കമുള്ള നടപടികളിലേക്ക് കടക്കേണ്ടതാണ്.കൂടാതെ നാളിതുവരെ ഈടാക്കിയ തുക തിരികെ ലഭിക്കാനുള്ള നടപടികളാരംഭിക്കേണ്ടതുമാണ്.

## 1-30 യാത്രാപ്പടി അധികം നൽകിയത 7796/-നിരാകരിക്കുന്നു

മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി കൊട്ടാരക്കര ഇ.റ്റി.സി യിൽ വച്ച് നടത്തിയ കമ്പ്യൂട്ടർ ട്രയിനിംഗിന് പങ്കെടുത്ത ജനപ്രതിനിധികൾക്ക് അധികം യാത്രാപ്പടി നൽകി. തുടർച്ചയായ 4 ദിവസങ്ങളിലെ ട്രയിനിംഗിൽ താമസം,ഭക്ഷണം എന്നിവ സജ്ജീകരിച്ചിട്ടുള്ളതായി കില ഡയറക്ടറുടെ നം-186/ബി(RGSA)/18/കിലCHRD/7.6.18ൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ വോള്യം1,പാർട്ട്2 ചട്ടം 39 പ്രകാരം 1/4 ദിനബത്തയ്ക്കും സ്റ്റേഷനിലേക്കും തിരിച്ചുമുള്ള യാത്രകൾക്ക് വണ്ടിക്കൂലിയും ഉൾപ്പെടെയുള്ള

തുകയ്ക്കും മാത്രമേ അർഹതയുള്ളൂ. ഇതിനുപരിയായി ദിനംപ്രതി ഒരു ഡി.എ കണക്കാക്കി യാത്രാപ്പടി നൽകിയിരിക്കുന്നു.അധിക തുക കൈപ്പറ്റിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ട്രയിനിംഗ് കാലയളവ് | നൽകിയ യാത്രാപ്പടി | അനുവദനീയമായ യാത്രാപ്പടി | അധികം നൽകിയ തുക | ചെലവ് വൗച്ചർ നം,തുക |
|---|---|---|---|---|---|
| ശ്രീമതി.ഷൈലാമധു, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ(ഡി.എ@400/-) | 27.6.2018-30.6.2018 | ദിനംപ്രതി400/-രൂപ നിരക്കിൽ1600/- | 398/- | 1202/- | 21800671/ 26.9.2018--7260/- |
| ശ്രീ.ഗിരീഷ്കുമാർ,സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ(ഡി.എ@400/-) | ടി | ദിനംപ്രതി320/-രൂപ നിരക്കിൽ1280/- | 398/- | 882/- | |
| ശ്രീമതി.രഞ്ജിനി, മെമ്പർ(ഡി.എ@320/-) | 2.7.2018-5.7.2018 | ദിനംപ്രതി320/-രൂപ നിരക്കിൽ1280/- | 328 | 952/- | 21800672/ 26.9.2018--18240/- |
| ശ്രീമതി.രജനി.എന്, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി320/-രൂപ നിരക്കിൽ1280/- | 328 | 952/- | |
| ശ്രീമതി.ജയന്തിദേവി, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി 320/- രൂപ നിരക്കിൽ 1280/- | 328 | 952/- | |
| ശ്രീ.അനിൽകുമാര്, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി 320/- രൂപ നിരക്കിൽ1280/- | 328 | 952/- | |
| ശ്രീ.ശിവപ്രഭ, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി320/-രൂപ നിരക്കിൽ1280/- | 328 | 952/- | |
| ശ്രീമതി.റജിലാലത്തീഫ്, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി320/-രൂപ നിരക്കിൽ1280/- | 328 | 952/- | |
| Total | | | | 7796/- | |

അധികം വാങ്ങിയ തുക തിരികെ ഈടാക്കി വിവരംഅറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-14/19.12.19

## 1-31 മഴക്കാല പൂർവ്വശുചീകരണം-സർക്കാർ ഉത്തരവിനു വിരുദ്ധമായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച209063/- രൂപ നിരാകരിക്കുന്നു. ശുചിത്വമിഷൻ ഫണ്ട് 40000/-രൂപ തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ്വശുചീകരണം സംബന്ധിച്ച് സർക്കാർ സർക്കുലർ നം 127/2017/ ത.സ്വ.ഭ.വ/13.3.17 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ ഖണ്ഡിക 9 പ്രകാരം ഗ്രാമപഞ്ചായത്തിന് മേൽ പദ്ധതിയ്ക്കായി വാർഡ് ഒന്നിന് പരമാവധി ചെലവഴിക്കാവുന്ന തുക 25000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10000/- രൂപ ശുചിത്വമിഷൻ ഫണ്ടും, 10000/- രൂപ എൻ.ആർ.എച്ച്.എം ഫണ്ടും 5000/- രൂപ തനത്ഫണ്ടും ആണെന്നും വ്യക്തമാക്കുന്നു. മേൽ ഫണ്ടുകൾ വാർഡ് തല ശുചിത്വസമിതി യുടെ അക്കൗണ്ടുമുഖേന ചെലവഴിക്കണമെന്നും വാർഡ്തല ശുചിത്വസമിതികൂടി തയ്യാറാക്കുന്ന പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലാകണം പ്രവർത്തനങ്ങൾ നടത്തേണ്ടതെന്നും വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലേക്കായി ശുചിത്വമിഷൻ ഫണ്ട് ,എൻ.ആർ.എച്ച്.എം ഫണ്ട് എന്നിവ 2,10,000/- രൂപ വീതം പി.എച്ച്.സി മെഡിക്കൽ ഓഫീസർമുഖേന വാർഡ്തല ശുചിത്വസമിതിയ്ക്ക് നൽകി.(ഒരുവാർഡിന് 20,000/- രൂപ) ഈ തുക ഓട വൃത്തിയാക്കൽ ഉൾപ്പടെയുള്ള പ്രവൃത്തികൾക്ക് ചെലവഴിച്ചു. കൂടാതെ മേൽ പ്രോജക്റ്റിന്റെ ഭാഗമായി ഓരോ വാർഡിലേയും ഓടകൾ വൃത്തിയാക്കിയതിന് മസ്റ്റർ റോൾ പ്രകാരം 14703/- രൂപ വീതം ചെലവ് ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ചെലവ് തുക | ചെക്ക്നം,തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | 14703 | 970992/23.7.2018 | |
| 2 | 14703 | 970993/23.7.2018 | |
| 3 | 14703 | 970994/23.7.2018 | |
| 4 | 14703 | 970995/23.7.2018 | |
| 5 | 14703 | 970996/23.7.2018 | |
| 6 | 14703 | 970997/23.7.2018 | |
| 7 | 14703 | 970998/23.7.2018 | തുക വാർഡ് മെമ്പർ കൈപ്പറ്റിയതായി കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടുണ്ട്. |
| 8 | 14703 | 970999/23.7.2018 | |
| 9 | 14703 | 971000/23.7.18 | |
| 10 | 14703 | 971001/23.7.2018 | |
| 11 | 14703 | 971002/23.7.2018 | തുക വാർഡ് മെമ്പർ കൈപ്പറ്റിയതായി കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടുണ്ട്. |
| 12 | 14703 | 971003/23.7.2018 | |
| 13 | 14703 | 971004/23.7.2018 | തുക വാർഡ് മെമ്പർ കൈപ്പറ്റിയതായി കൈപ്പറ്റ് |

| | | | രസീത് |
|---|---|---|---|
| 14 | 14703 | 971005/23.7.2018 | |
| 15 | 14703 | 971006/23.7.2018 | |
| 16 | 14703 | 971007/23.7.2018 | |
| 17 | 14703 | 971008/23.7.2018 | |
| 18 | 14703 | 971009/23.7.2018 | |
| 19 | 14703 | 971010/23.7.2018 | |
| 20 | 14703 | 971011/23.7.2018 | |
| 21 | 14703 | 971012/23.7.2018 | |
| ആകെ | 308763/- | | |

മേൽ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1) വാർഡ് ഒന്നിന് ശുചിത്വമിഷൻഫണ്ട്, എൻ.ആർ.എച്ച്.എം.ഫണ്ട് ഇവ 10000/- വീതവും തനത്ഫണ്ട് 5000/- രൂപയുമുൾപ്പെടെ ആകെ 25000/- രൂപമാത്രം ചെലവ് ചെയ്യാൻ അനുവാദമുണ്ടായിരിക്കെ തനത്ഫണ്ടിൽ നിന്ന് 9703/- (14703-5000)രൂപ അധികം (ആകെ 21 വാർഡിനുമായി 203763/-രൂപ)ചെലവ് ചെയ്തതിനെ സാധൂകരിക്കുന്ന സർക്കാർ നിർദ്ദേശം/ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2) മേൽ പ്രവർത്തനത്തിനുള്ള മുഴുവൻ തുകയും വാർഡതല സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടുമുഖേന ചെലവഴിക്കണം എന്ന നിർദ്ദേശം മറികടന്ന് തനത്ഫണ്ട് നേരിട്ട് ചെലവഴിച്ചതും തുക വാർഡ് മെമ്പർമാർക്ക് വിതരണം നടത്തിയതും അടിസ്ഥാനമാക്കിയ ഉത്തരവ്/നിർദ്ദേശം ലഭ്യമാക്കേണ്ടതാണ്.

3) ചെലവ് വൗച്ചറുകൾ സെക്രട്ടറി വാങ്ങിസൂക്ഷിക്കണമെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും 2,3,4,6 വാർഡുകളിലെ ശുചിത്വമിഷൻ ഫണ്ടിന്റെ വിനിയോഗ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. 40,000/-രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

4)തനത് ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 14,703/- രൂപ വീതം ചെലവ് ചെയ്തത് കൂടാതെ വാർഡ്6, വാർഡ് 19 എന്നിവയിൽ വേസ്റ്റ് നീക്കം ചെയ്യുന്നതിനായി 2,800/-, 2,500/-, രൂപ വീതം ചെലവഴിച്ചു ( ചെക്ക് നമ്പർ-970931,970932/01.08.18. ഇത്തരത്തിൽ തനത്ഫണ്ടിൽ നിന്നും 2,09,063/- രൂപ അധികം ചെലവ് ചെയ്തു.ചെലവ് തുകനിരാകരിക്കുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ-14(എ)/19.12.19.

## 1-32 തുമ്പൂർമൊഴിമോഡൽ മാലിന്യ സംസ്ക്കരണപ്ലാന്റ്-ലക്ഷ്യം കാണാത്ത പദ്ധതി

പ്രോജക്ട്നം-216/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കേന്ദ്രഫണ്ട്-687000/-

എഗ്രി.നം-68/28.11.18

കരാറുകാരൻ-ശ്രീ.ശ്രീജിത്ത്

ചെലവ് തുക – 5,50,255/-(വൌച്ചർ നമ്പർ-21801380/15.03.19-3,50,255/-&വൌച്ചർ നമ്പർ-21801381/15.03.19-2,00,000/-)

മേൽ പ്രോജക്ടിൽപ്പെടുത്തി പി.എച്ച്.സി, ആലുംമൂട്മാർക്കറ്റ് എന്നിവിടങ്ങളിൽ രണ്ട് യൂണിറ്റുകൾ നിർമ്മിച്ചെങ്കിലും ആയത് പ്രവർത്തിപ്പിച്ചുതുടങ്ങിയിട്ടില്ല. ചെലവ്ചെയ്തതുക നിഷ്ഫലആസ്തിയായി തുടരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. മേൽ മാലിന്യസംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിച്ച വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 5,50,255/- തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-19/20.12.19) ഭൌതിക സാഹചര്യം ഒരുക്കുന്നതിനായി ശുചിത്വ മിഷന്റെ സഹായം തേടിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 നിയമ പ്രകാരം വേണ്ട പാർക്കിംഗ് ഏരിയ ഇല്ലാതെ ഫ്ളാറ്റിന് പെർമിറ്റും ,കെട്ടിട നമ്പറും അനുവദിച്ചു നൽകി.

നിയമ പ്രകാരം വേണ്ട പാർക്കിംഗ് ഏരിയ ഇല്ലാതെ ഫ്ളാറ്റിന് പെർമിറ്റും, കെട്ടിട നമ്പറും അനുവദിച്ചു നൽകി.

ശ്രീ.ഷാജി/ശ്രീമതി.ഷൈനി ഷാജി, തടത്തിവിള പുത്തൻവീട്, പെരുമ്പുഴ, കുണ്ടറ എന്നീ വ്യക്തികളുടെ പേർക്ക് ഗണം എ -യിൽപ്പെട്ട 8 താമസ്സ യൂണിറ്റുകൾ അടങ്ങിയ ഫ്ളാറ്റിന് അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റ് അനുവദിച്ച് നല്കിയിട്ടുണ്ട്. (Permit No.B1-2406 dated.28.03.2015) കംപ്ളീഷൻ റിപ്പോർട്ട് പ്രകാരം 40.9 $m^2$ ആണ് പാർക്കിംഗ് ഏരിയ. ആകെ 7.50 ആർ വസ്തുവിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 18.12.2019-ൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം ഇപ്പോൾ സ്വകാര്യ ഹോസ്റ്റലായി ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു. 5 പാർക്കിങ്ങ് യൂണിറ്റ് ആയ 75 $m^2$ പാർക്കിങ്ങ് ഏരിയ വേണ്ടടുത്ത് കെട്ടിടത്തിനുള്ളിൽ ആകെ 40.9$m^2$ ഏരിയ മാത്രമാണ് നിലവിൽ പാർക്കിങ്ങ് ഉള്ളത്. പാർക്കിങ്ങ് ഏരിയ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആകെ 75 $m^2$ഏരിയ ആണ് പാർക്കിംഗ് വേണ്ടതെന്നും, ഇതിൽ ബാക്കി ഏരിയ ഗ്രൗണ്ട് ഫ്ലോറിൽ ക്രമീകരിച്ചിട്ടുണ്ടെന്നും,കൂടാതെ കംപ്ലീഷൻ നൽകിയിരിക്കുന്ന 7.50ആർ പ്ലോട്ടിലെ നിലവിലെ കെട്ടിടത്തിനോട് ചേർന്നുള്ള യാർഡിൽ ഒന്നിൽ കൂടുതൽ പാർക്കിംഗ് സ്പേസ് ലഭ്യമായിരുന്നു എന്ന ബോദ്ധ്യപെട്ടതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് അംഗീകാരം നൽകിയതെന്ന മറുപടിയാണ് എഞ്ചിനീയർ നല്കിയിട്ടുള്ളത്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ ബാക്കി പാർക്കിംഗ് ഏരിയ കെട്ടിടത്തിനോടുള്ള യാർഡിൽ കാണിച്ചിട്ടില്ലാത്തതാണ്. 105/3/9സർവ്വേ നമ്പറിൽ 4.25 ആർ വസ്തുവിലാണ് ഫ്ലാറ്റ് പണിതിട്ടുള്ളത്. സ്ഥലപരിശോധനയിൽ ഫ്ലാറ്റ് നിൽക്കുന്ന സ്ഥലം നിലവിലുള്ള പഴയ ഓടിട്ട

കെട്ടിടത്തിനോട് ചേർത്ത് മതിൽ കെട്ടി തിരിച്ചിരിക്കുകയാണ്. മതിൽ കെട്ടി തിരിച്ചതോടു കൂടി മതിയായ പാർക്കിംഗ് ഏരിയ ഇല്ലാതെ ആയിരിക്കുകയാണ്. ആയതിനാൽ മതിയായ പാർക്കിംഗ് ഇല്ലാത്തതിനാൽ കെട്ടിടം അനധികൃത കെട്ടിടമായി മാറിയിരിക്കുകയാണ്. മതിൽ പൊളിച്ച് മതിയായ പാർക്കിംഗ് സൗകര്യം ഉറപ്പാക്കി പുതിയ കംപ്ലീഷൻ പ്ലാൻ സഹിതം കെട്ടിടം ക്രമവൽകരിച്ച് നൽകേണ്ടതാണ്. ഗണം A യിൽ പെട്ട 8 താമസ യൂണിറ്റുകൾ അടങ്ങിയ ഫ്ലാറ്റിന് പെർമിറ്റ് വാങ്ങിയതിന് ശേഷം ഇപ്പോൾ ഹോസ്റ്റലായിട്ടാണ് ഉപയോഗിക്കുന്നത്. നിലവിൽ ഹോസ്റ്റലിനുള്ള വസ്തു നികുതി താമസ യൂണിറ്റുകൾക്കുള്ള 7/-രൂപ പ്രകാരമാണ് ഈടാക്കി കൊണ്ടിരിക്കുന്നത്. ഹോസറ്റലിന് ഈടാക്കേണ്ട പരമാവധി നിരക്ക് പഞ്ചായത്ത് നിശ്ചയിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ സ്വകാര്യ ഹോസ്റ്റലിന് ഈടാക്കേണ്ട വസ്തു നികുതി 2018-19 വർഷം മുതൽ ഈടാക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാതെയാണ് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. ലൈസൻസ് എടുക്കാത്തിന് കെട്ടിട ഉടമയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. പാർക്കിങ്ങ് ഏരിയ വേണ്ടടുത്ത് കെട്ടിടത്തിനുള്ളിൽ ആകെ 40.9m2ഏരിയ മാത്രമാണ് നിലവിൽ പാർക്കിംഗ് ഉള്ളത്. പാർക്കിംഗ് ഏരിയ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആകെ 75m²ആകെ 7.50ആർ വസ്തുവിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 18.12.19-ൽ നടന്ന സ്ഥലപരിശോധനയിൽ കെട്ടിടം ഇപ്പോൾ സ്വകാര്യ ഹോസ്റ്റലായി ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു. 5 പാർക്കിംഗ് യൂണിറ്റ് ആയ 75m ശ്രീ.ഷാജി/ ശ്രീമതി ഷൈനി ഷാജി,തടത്തിവിള പുത്തൻവീട്,പെരുമ്പുഴ,കുണ്ടറ എന്നീ വ്യക്തികളുടെ പേർക്ക് ഗണം A യിൽ പെട്ട 8 താമസ യൂണിറ്റുകൾ അടങ്ങിയ ഫ്ലാറ്റിന് അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട് (Permit No.B1-2406 dtd:28.03.15). കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം 40.9m2ആണ് പാർക്കിങ്ങ് ഏരിയ.
ഓഡിറ്റ് എൻക്വയറി:11/19.12.19

## 1-34 ഷീടോയ്‌ലറ്റ് -പി.എച്ച്.സിയിലെ ഷീടോയ്‌ലറ്റ് ലക്ഷ്യത്തിന് വിരുദ്ധമായിഉപയോഗിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ്നം. S0172/19 -ൽപ്പെടുത്തി വികസനഫണ്ട് 5,20,151/-രൂപ വകയിരുത്തി 5,14,123/-രൂപ ചെലവ് ചെയ്ത് (ബിൽനമ്പർ-118/12.11.18-514123, 264/17.03.18-5,29,849/-)ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ മൂന്ന് യൂണിറ്റ് ഷീ ടോയ്‌ലറ്റുകൾ നിർമ്മിച്ചു. ഇതിൽ പി.എച്ച്.സി കോമ്പൌണ്ടിൽസ്ഥാപിച്ചിട്ടുള്ള ഷീ ടോയ്‌ലറ്റ് ഉദ്ദേശ്യ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ബ്ലീച്ചിംഗ് പൌഡർ , വേസ്റ്റ് എന്നിവ സ്റ്റോർ ചെയ്യാൻ ഉപയോഗിക്കുന്നതായി പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഉദ്ദേശ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് ഉപയോഗിക്കുന്നതിന് മെഡിക്കൽ ഓഫീസറോഡ് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ യൂണിറ്റിനായി ചെലവ് ചെയ്ത തുക 1,71,374/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 പമ്പ് റിപ്പയറിംഗ്-വിനിയോഗവിവരം ലഭ്യമല്ല

അമ്പിപൊയ്ക വാർഡിലെ ഹാന്റ് പമ്പിന്റെ തകരാർ പരിഹരിക്കുന്നതിന് ഭൂജലവകുപ്പിന്റെ

GKT 561/18/2.3.18 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 15,635/- രൂപ ചെക്ക് നം- 399939/2.5.2018 പ്രകാരം 3.4.18 ലെ 4(2) തീരുമാനപ്രകാരം ഭൂജലവകുപ്പിന് നൽകി. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ കുടിവെള്ള പ്രോജക്ടുകൾ ഗുണഭോക്ത-സമിതിയ്ക്ക് കൈമാറി തുടർ പരിപാലനം ഗുണഭോക്തൃസമിതി മുഖേന സാദ്ധ്യമാക്കണമെന്നിരിക്കെ തനത്ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യാനുണ്ടായ കാരണം ബോദ്ധ്യപ്പെട്ടിട്ടില്ല. ആകയാൽ ചെലവ് തുകയുടെ വിനിയോഗംതടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ലഭ്യമാക്കിതടസംഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -8/17.12.19

## 1-36 എസ്.എൽ.ഐ വിഹിതം നിർദ്ദിഷ്ട സ്ലാബ്പ്രകാരം ഒടുക്കുന്നുല്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം 1.1.2017 മുതൽ പുതുക്കിയ നിരക്ക് പ്രകാരം ഈടാക്കിയിട്ടില്ല. വിശദവിവരംചുവടെചേർക്കുന്നു.

| ജീവനക്കാരന്റെ പേര് തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട പ്രീമിയം | ഈടാക്കുന്ന പ്രീമിയം | കുറവ് |
|---|---|---|---|---|
| ശ്രീമതി.ലത, അസി.സെക്രട്ടറി | 42500 | 500 | 250 | 250 |
| ശ്രീ.പ്രവീൺരാജ്,സീനിയർക്ലർക്ക് | 31500 | 300 | 250 | 50 |

മേൽ ജീവനക്കാരിൽ നിന്നും സർക്കാർ നിർദ്ദേശ പ്രകാരം പ്രീമിയം ഒടുക്കുവരുത്താനുള്ള നടപടികൾ കൈക്കൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

## 1-37 കമ്മൂണിറ്റി ഹാൾ മെയിന്റനൻസ്- എസ്റ്റിമേറ്റ് കൂടാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും പ്രവത്തി നിർവ്വണം നടത്തി

ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ഇലക്ട്രിക് വർക്ക് ചെയ്യാൻ ചെക്ക് നം- 970389/29.5.2019 പ്രകാരം ശ്രീ. കൃഷ്ണരാജിന് 16,500/- രൂപയും പ്രവൃത്തിയ്ക്കാവശ്യമായ സാധനം വാങ്ങിയതിന് വാഴപ്പള്ളിൽ ഇലക്ട്രിക്കൽസിന് ചെക്ക് നം- 970389/29.5.2018 പ്രകാരം 20,230/- രൂപയും നൽകി. മേൽ ചെലവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) കമ്മ്യൂണിറ്റി ഹാളിലേക്ക് ആവശ്യമായ പ്രവൃത്തികൾ ഏതെന്ന് പരിശോധിച്ച് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് എസ്റ്റിമേറ്റ് എടുത്ത് അധികാര സ്ഥാനങ്ങളിൽ നിന്ന് അംഗീകാരം വാങ്ങാതെയാണ് പ്രവൃത്തി ക്വട്ടേഷനില്ലൂടെ ശ്രീ.കൃഷ്ണരാജിന് ഏല്പിച്ചു നൽകിയത്. ചെയ്ത പ്രവൃത്തി എന്തെന്ന് മൂല്യനിർണ്ണയംനടത്തിയിട്ടില്ല. പ്രവത്തി നടത്തിയ വ്യക്തിയ്ക്ക് ഇലക്ട്രിക് വർക്ക് ചെയ്യാനുള്ള അംഗീകാരമുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

2) വാങ്ങലുകൾ നടത്തിയത് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. മാത്രമല്ല വാങ്ങിയ സാധനസാമഗ്രികളുടെ ആവശ്യകത നിർണ്ണയിച്ചതിന് ആധികാരികത ഇല്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കമ്മ്യൂണിറ്റിഹാളിലേക്ക് അത്യാവശ്യം നിർവ്വഹിക്കേണ്ടി വന്ന പ്രവൃത്തികളായതിനാലാണ്

അപ്രകാരം നിർവ്വഹിച്ചതെന്നും, സാധനസാമഗ്രികൾ വാങ്ങി പ്രവൃത്തി നടത്താനാണ് ക്വട്ടേഷൻ നൽകിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മേൽമറുപടി അംഗീകരിക്കത്തക്കതല്ല. നിർവ്വഹിച്ച പ്രവൃത്തി ബോദ്ധ്യപ്പെടാൻ പര്യാപ്തമായ വിശദമായ വാല്യുവേഷൻ ഹാജരാക്കുംവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-38 വക്കീൽ ഫീസ് അധികം നൽകിയത്-8000/- രൂപ നിരാകരിക്കുന്നു.

ഹൈക്കോടതി കേസ് നം-OP-3347/18 നായിഅഡ്വ.ശശീത്പണക്കർക്ക് വക്കീൽ ഫീസായി 23000/- രൂപ നൽകി.
ചെലവ്-23000/- ചെക്ക് നം.990950/29.12.18

Clerical expenditure-6000/-

Prof.fee- -10000/-

Messenger fee -5000/-

Clerical fee -2000/-

Total-23,000/- എന്നിങ്ങനെയാണ് തുക അവകാശപ്പെട്ടത്. സർക്കാർ ഉത്തരവ്(എം.എസ്36/16തസ്വഭവ/18.2.18 പ്രകാരം അഡ്വക്കേറ്റ് ഫീസായി കേസൊന്നിന്15000/- രൂപമാത്രമാണ് അനുവദനീയം. മേൽ തുകയിൽ കവിഞ്ഞ് നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം വകുപ്പുതലവന്റെ അനുമതി വാങ്ങിയിട്ടില്ല. ആയതിനാൽ അധികമായി നൽകിയ 8000/-രൂപയുടെ വിനിയോഗം നിരാകരിക്കുന്നു. തുക തിരികെഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരംഅറിയിക്കേണ്ടതാണ്.
എൻക്വയറി നമ്പർ- 14/19.12.19

## 1-39 ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ- മരുന്നു പൂർണ്ണമായി ലഭ്യമായില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി മരുന്നിന്റെ വില മുൻകൂറായി ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 1)സംശമനി പദ്ധതി,(128/19) | 1,00,000/- (റോഡിതരം) | 100000/- | 82565/- | 17435/- |
| 2)ആയുർവേദാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ,(115/19) | 4,00,000/- (റോഡിതരം) | 400000/- | 388601/- | 11399/- |

മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-40 പകൽവീട്,ബഡ്സ്ക്കൂൾ- കെട്ടിടം ഉദ്ഘാടനംനടത്തി ഒരുവർഷം പിന്നിട്ടിട്ടും പ്രവർത്തനംആരംഭിച്ചിട്ടില്ല.

1)പകൽവീട്

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

SO167/19

വകയിരുത്തിയ തുക-27,00,000/-

( വികസന ഫണ്ട്-1700,000/- + മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം 10,00,000)

ചെലവ് തുക -2203360/-രൂപ

(2018-19വർഷം- 1719624/-രൂപ,

(ബിൽ നം-63/16.08.08-1100436/-

346/28.02.19-319188/-

347/28.02.19-300000/-)

2019-20വർഷം- 483736/-രൂപ) (ബിൽ നം-78/31.08.19)

വൌച്ചർ നമ്പർ-21801302/28.02.19.

ഗ്രാമപഞ്ചായത്തിൽ 116/18നം ആയി ഏറ്റെടുത്ത പ്രോജക്ട് പ്രകാരം 22,03,360/-രൂപ ചെലവഴിച്ച് പകൽവീടിന്റെ നിർമ്മാണം പൂർത്തിയാക്കി. 18.03.19-ന് പ്രവൃത്തി പൂർത്തീകരിച്ച പകൽവീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അനുബന്ധ സൌകര്യങ്ങൾ ഒരുക്കുന്നതിലുള്ള കാലതാമസമാണ് പകൽവീട് ആരംഭിക്കാൻ വൈകുന്നതിന് കാരണമെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ച് പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ബഡ്സ്കൂൾ

പ്രോജക്ട് നം-SO169/19

കരാറുകാരൻ-ശ്രീ. എൻ.റ്റി. പ്രദീപ്കുമാർ

എം ബുക്ക് നം-94/18-19

വകയിരുത്തിയതുക- വികസനഫണ്ട്(ജനറൽ)-1200000/-

ബ്ലോക്ക് വിഹിതം-1000000/-

ചെലവ് തുക-1998477/-(1093749/-+904728/-)

ചെക്ക് നമ്പർ- 1093749-31/16.11.18

-507396-2527019/13.03.19

-311356-5876311/24.03.19

-82601-2527018/28.02.19

-3375-2180168/19.03.19

മേൽ പ്രോജക്ടിൽപ്പെടുത്തി ബഡ്സ്സ്കൂൾ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. കെട്ടിടത്തിൽ വയറിംഗ്, പ്ലമ്പിംഗ് പ്രവർത്തികൾ പൂർക്കിയാക്കി. എന്നാൽ

നാളിതുവരെ ബഡ്സ്കൂൾ ആരംഭിക്കാനുള്ള തുടർ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-19/20.12.19

## 1-41 പി.റ്റി.എസ് ദിവസവേതന നിയമനം -ക്രമരഹിതമായി പ്രതിഫലം നൽകുന്നു.

ഗ്രാമപഞ്ചായത്തിലും എൻ.എച്ച്.എം ഹോമിയോ ആശുപത്രിയിലും സ്വീപ്പർ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് ദിവസവേതനം 350 രൂപ നിരക്കിൽ കണക്കാക്കി വേതനം നൽകിക്കാണുന്നു. ഗ്രാമപഞ്ചായത്തിൽ എഫ്.റ്റി.എസ് തസ്തിക നിലവിലില്ല. പി.റ്റി.എസ് തസ്തികയിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ച് കൺസോളിഡേറ്റഡ് പേ മാത്രം(6,000/-)നൽകണമെന്നിരിക്കെ മേൽ നിരക്ക് പ്രകാരം ദിവസവേതനം നൽകി വരുന്നതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രതിഫലം നൽകാൻ നടപടി സ്വീകരിച്ച് വിവരംഅറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-14/19.12.19

## 1-42 ആലുംമൂട് ചന്ത ക്ലിനിംഗിന് പ്രത്യേക ചെലവ്-ചട്ടങ്ങൾക്ക് വിരുദ്ധം-നിരാകരിക്കുന്ന തുക12000/-

ആലുംമൂട്ചന്ത ക്ലീനിംഗിനായി ശ്രീമതി രാധാമണിയ്ക്ക് പ്രതിമാസം 1,000/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.(7.3.2019 ലെ തീരുമാനപ്രകാരം ആയത് 1,500/- രൂപയായി ഉയർത്തി) മാർക്കറ്റ് ക്ലീനിംഗിനായി തസ്തിക നിലവിലില്ല. ടി മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ് ലേലത്തിൽ നൽകിയിട്ടുള്ളതുമാണ്. പൊതുമാർക്കറ്റ് സ്വകാര്യമാർക്കറ്റ്നടത്തിപ്പ് 1994 പൊതുമാർക്കറ്റ് സ്വകാര്യമാർക്കറ്റ് ചട്ടം 5 ഉപചട്ടം 4- ൽ മാർക്കറ്റ് സംരക്ഷണം ഏറ്റെടുക്കുന്ന വ്യക്തിയുടെ ചുമതലയിൽ മാർക്കറ്റ് ക്ലിനിംഗ് കൂടി ഉൾപ്പെടുന്നു. ആയതിനാൽ മാർക്കറ്റ് ലേലംനൽകുകയും അതേസമയം ക്ലീനിംഗിനായി വീണ്ടും ചെലവു ചെയ്യുകയും ചെയ്തത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത തുക 12,000/-നിരാകരിക്കുന്നു. തുക ക്രമരഹിതമായ ചെലവുനടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മാസം | ചെക്ക്നം,തീയതി | ചെലവ് തുക |
|---|---|---|
| 3/2018-7/2018 | 970950/3.8.18 | 5,000/- |
| 8/18-9/18 | 410895/8.11.18 | 2,000/- |
| 10/18 | 410878/21.11.18 | 1,000/- |
| 11/18-12/18 | 991157/1.11.18 | 2,000/- |
| | | |

| | | |
|---|---|---|
| 1/19 | 991436/23.3.19 | 1,000/- |
| 2/19 | 991861/15.3.19 | 1,000/- |
| ആകെ | | 12,000/- |

ഓഡിറ്റ് എൻക്വയറി നമ്പർ- 14/19.12.19

## 1-43 കുടിവെള്ള പദ്ധതി-മോട്ടോർ പ്രവർത്തിപ്പിക്കാൻ വേതനംനൽകിയത് നിരാകരിക്കുന്നു.

പുനക്കന്നൂർ ശാഖാജംഗ്ഷനിൽ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതിയ്ക്കായി മോട്ടോർ പ്രവർത്തിപ്പിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് 22.1.2019 ലെ 1(12) നം തീരുമാനപ്രകാരം ദിനം പ്രതി 100/- രൂപ ക്രമത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ബി.3/19/25.1.2019 നം ഉത്തരവ് പ്രകാരം നിയമിച്ച് 2,800/- രൂപ വൗച്ചർ നം 21801337/5.3.19 പ്രകാരം നൽകി. കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് തുടർ പരിപാലനം ഗുണഭോക്തൃ സമിതിയ്ക്ക് ഏല്പിച്ചു നൽകണമെന്നും തുടർ ചെലവുകൾ സമിതി വഹിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 14/19.12.19

## 1-44 അസി.സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ശേഷിക്കുന്ന തുക തിരിച്ചടച്ചടച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുള്ള സിൻഡിക്കേറ്റ് ബാങ്കിലെ 45022210010695 നമ്പർ അക്കൗണ്ടിൽ (സാനിട്ടറി യൂണിറ്റ് അക്കൗണ്ടിൽ ) 30-6-18 തീയതിയിൽ 1,06,862/-രൂപ ബാക്കി നിൽക്കുന്നു. തുക ബന്ധപ്പെട്ട അക്കൌണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മുൻ വർഷ ഓഡിററ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല. മേൽ അക്കൌണ്ടിൽ ശേഷിക്കുന്ന തുക ഏതിനത്തിലുള്ളതാണെന്ന് കണ്ടെത്തി തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 വൃദ്ധർക്കുള്ള കട്ടിൽ- കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി

പ്രോജക്ട് നം:108/19

വകയിരുത്തിയത്:1096000/-(എസ് സിപി ഫണ്ട്)

ചെലവ്:1094763/-

ബിൽനം:9/16.01.19:237000/-

10/17.01.19:237000/-

11/19.01.19:248850/-

12/22.1.19:209350/-

13/28.1.19:140067/-

18/21.2/19:18546/-

20/28.2.19:3950/-

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വൃദ്ധർക്കുള്ള കട്ടിൽ എന്ന പ്രോജക്റ്റിൽ 9ടെൻഡറുകൾ ലഭിച്ചു. ചീലാന്തി/തേക്ക് തടിയിൽ 3950/-രൂപയ്ക്ക് കട്ടിൽ തീർത്തു നൽകാമെന്ന് കാണിച്ച നിരക്ക് ക്വാട്ട് ചെയ്ത ചൈത്രം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് കരാർ നൽകാനാണ് പ്രൊക്യൂയർമെന്റ് കമ്മറ്റിതീരുമാനം എടുത്തിട്ടുള്ളത്. ജനറൽകമ്മറ്റി തീരുമാനം പ്രകാരം ആകെ 9ടെൻഡറുകൾ ലഭിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഒളിംപ്യൻ സ്റ്റീൽ (3325/-രൂപ),മഹാഗണിയിൽ പണിത കട്ടിൽ നൽകാമെന്നാണ് ടെൻഡറിൽ രേഖപെടുത്തിയതെന്നും രണ്ടാമതായി ക്വാട്ട് ചെയ്തത് എസ്&എസ് ഫർണീച്ചർ (3580/-രൂപ) മഹാഗണിയിൽ തീർത്ത തടിയിൽ ആണെന്നും,മൂന്നാമതായി ക്വാട്ട് ചെയ്ത ആർട്കോ എന്ന സ്ഥാപനം മഹാഗണിയും,ചീലാന്തിയും,തേക്കും ക്വാട്ട് ചെയ്തുവെന്നും, സ്പെസിഫിക്കേഷനിൽ കാണിച്ച പ്രകാരം ചീലാന്തി/തേക്ക് തടിയിൽ 3950/-രൂപയ്ക്ക് തീർത്തു നൽകാമെന്ന് കാണിച്ച തേക്ക് തടിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ചൈത്രം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് നൽകാനാണ് ജനറൽകമ്മറ്റി തീരുമാനം എടുത്തിട്ടുള്ളത്.

എന്നാൽ ക്വട്ടേഷനുകൾ പരിശോധിച്ചതിൽ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ചീലാന്തി/തേക്ക് തടികൊണ്ടുള്ള കട്ടിൽ നൽകാമെന്നാണ് എല്ലാ കരാറുകാരും ടെൻഡറിൽ പറഞ്ഞിട്ടുള്ളത്. ടെൻഡറിൽ പങ്കെടുത്തവർ BOQ schedule പ്രകാരം ക്വാട്ട് ചെയ്ത നിരക്കുകൾ താഴേ പറയുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക്-wooden coat (Teak/Cheelanthi)length-1,98m,width-90cmwith 9mm plywood-1 No,with out taxes |
|---|---|
| ചൈത്രം ഇൻഡസ്ട്രീസ് | 3950/- |
| തമ്പുരാൻകാലായിൽ | 3798/- |
| ഒളിംപ്യയ സ്റ്റീൽ | 3325/- |
| എസ്&എസ് ഫർണീച്ചർ | 3580/- |
| ആർട്കോ | 3686/- |
| എംഎച്ച് ഏജൻസിസ് | 4282/- |
| രാജാധാനി ഏജൻസിസ് | 4074/- |
| വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ് | 3835/- |

| | |
|---|---|
| കോസ്റ്റൽ ഫർണീച്ചർ ഇൻഡസ്ട്രീസ് | 4240/- |

മേൽ പറഞ്ഞതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ ഒളിംപ്യൻ സ്റ്റീൽ, എസ്&എസ് ഫർണീച്ചർ, വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ്, ആർട്കോ എന്നിവയെ ഒഴിവാക്കിയതിന് എടുത്ത കമ്മറ്റി തീരുമാനത്തെ സാധൂകരിക്കുന്ന രേഖകൾപരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഒളിംപ്യയ സ്റ്റീൽ, എസ്&എസ് ഫർണീച്ചർ,വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ്, ആർട്കോ എന്നീ സ്ഥാപനങ്ങളെ ബന്ധപ്പെട്ടപ്പോൾ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയ്ക്ക് കട്ടിൽ പണിത് നൽകാൻ കഴിയില്ലായെന്നും എന്നാൽ ചൈത്രം ഇൻഡസ്ട്രീസ്ട് തേക്ക് തടിക്ക് പണിത് നൽകാമെന്ന് അറിയിച്ചതിൻപ്രകാരം പ്രൊക്യുയർമെന്റ് കമ്മറ്റി ചൈത്രം ഇൻഡസ്ട്രീസിന് നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഒളിംപ്യയ സ്റ്റീൽ, എസ്&എസ് ഫർണീച്ചർ,വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ്, ആർട്കോ എന്നീ സ്ഥാപനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യാൻ കഴിയുമോ എന്ന് ആരാഞ്ഞതിന്റെയോ, ടി.സ്ഥാപനങ്ങൾ ടെണ്ടർപ്രകാരം ക്വാട്ട് ചെയ്ത തുകയ്ക്ക് കട്ടിൽ പണിത് നൽകാൻ കഴിയില്ലായെന്ന് അറിയിച്ചതിന്റെയോ രേഖകളും ഹാജരാക്കിയിട്ടില്ല.

തേക്കിലോ ചീലാന്തിയിലോ കട്ടിൽ പണിതു നല്കുന്നതിലേയ്ക്കായി ടെൻഡർ വിളിച്ചിട്ട തേക്ക തടിയിലുള്ള കട്ടിൽ വാങ്ങാനായിരുന്ന പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം (നം.16.11.18-ലെ തീരുമാനം). മേൽ തീരുമാനം 19.11.18-ലെ 1(1) ആയി ജനറൽ കമ്മിറ്റി അംഗീകരിച്ചു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപങ്ങൾക്ക് തേക്കിൻ കട്ടിൽ നൽകാനുള്ള അവസരം പഞ്ചായത്ത് നൽകിയതിന്റെ രേഖകൾ ഹാജരാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങൾ ടെൻഡറിൽ നിന്നും പിന്മാറാനുള്ള കാരണം രേഖമൂലം ബോദ്ധ്യപെടുത്തേണ്ടതാണ്.

അധികം നൽകിയ തുകയുടെ വിവരം താഴെ പറയുന്നു.

കുറഞ്ഞ നിരക്ക് കൊട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്ക്= 3,325/-

ചൈത്രം ഇൻഡസ്ട്രീസ്റ്റിന് നൽകിയ നിരക്ക്= 3,950/-

അധികം നൽകിയ നിരക്ക്= 625/-

ആകെ വാങ്ങിയ കട്ടിൽ= 278

ആകെ അധികം നൽകിയ തുക=278x625=1,73,750/-രൂപ

ചെലവാക്കിയ തുകയിൽ അധികം നൽകിയ തുക തടസത്തിൽ വെയ്ക്കുന്നു.

രേഖകൾ ബോധ്യപെടുത്താൻ കഴിയാതെ വരുകയാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും 173750/-രൂപ ഈടാക്കുന്നതാണ്.

തടസത്തിൽ വെയ്ക്കുന്ന തുക=1,73,750/-രൂപ

ഓഡിറ്റ് എൻക്വയറി നം:2/12.12.19

## 1-46 ക്രമവത്കരിച്ചു നൽകിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.

2018-19 വർഷത്തിൽ ലഭിച്ച വാസഗൃഹങ്ങളുടെയും,വാണിജ്യ കെട്ടിടങ്ങളുടെയും ക്രമവത്കരണ അപേക്ഷകളിൽ ഈടാക്കേണ്ട ക്രമവത്കരണ ഫീസ് പൂർണമായും ഈടാക്കുന്നില്ല.തദ്ദേശ സ്വയം ഭരണ (ആർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി.2/15 നമ്പർ കത്തിൽ ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്നും വ്യതിചലിച്ച സംഗതികളിൽ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും,പെർമിറ്റ് ഫീസും ഈടാക്കണമെന്ന് പഞ്ചായത്തുകളെ അറിച്ചിട്ടുള്ളതാണ്. എന്നിരിക്കെ ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന 107കേസുകളിൽ ഒന്നിൽപോലും പെർമിറ്റ് ഫീസ് എടുക്കാതെയാണ് ക്രമവത്കരണ അപേക്ഷകൾ തീർപ്പാക്കി നല്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.12.19) സങ്കേതം സോഫ്റ്റവയറിൽ ഡിമാന്റ് ചെയതു വരുന്ന തുകയാണ് നിലവിൽ ഈടാക്കി വരുന്നതന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ക്രമവത്കരണ അപേക്ഷകളിൽ തദ്ദേശ സ്വയം ഭരണ (ആർ.ഡി) സെക്രട്ടറിയുടെ മേൽ കത്തിന്റെ അടിസ്ഥാനത്തിൽ തുടർവർഷങ്ങളിൽ ഫീസ് ഈടാക്കേണ്ടതാണ്

## 1-47 പിഎച് സിയ്ക്കുള്ള മരുന്നുകൾ,ജീവിത ശൈലി രോഗ നിയന്ത്രണത്തിനായുള്ള ഉപകരണങ്ങൾ,പാലിയേറ്റിവ് കാർക്കുള്ള മരുന്നുകൾ കെഎംഎസ് സി എൽ -ൽ നിന്നും ലഭിച്ചിട്ടില്ല

പിഎച് സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജെക്ടുകളിൽ കെഎംഎസ് സി എൽ- ൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര്,നം,ബിൽനം/ തീയതി:തുക | അടങ്കൽ തുക | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|---|
| പിഎച്സി യ്ക്കുള്ള മരുന്നുകൾ- 92/19- മെയിന്റനൻസ്(NR) 4/12.12.18:400000/- | 5,00,000/- (റോഡിതരം) | 2196/07.11.18 | 400000.00 |
| ജീവിത ശൈലി രോഗ നിയന്ത്രണത്തിനായുള്ള ഉപകരണങ്ങൾ- 189/19- മെയിന്റനൻസ്(NR) 11/12.03.19;19999/- | 2,00,000/- (റോഡിതരം) | PRF1175/12.09.18 | 19999.00 |
| പാലിയേറ്റിവ് കാർക്കുള്ള മരുന്നുകൾ-88/19- പ്ലാൻ ഫണ്ട്- 6/24.12.18:200000/- | 6,00,000/- (വികസനഫണ്ട്) | PRF/3085/07.12.18 | 200000.00 |

6,00,000/- രൂപയുടെ മരുന്നുകളും,19,999/- രൂപയുടെ ഉപകരണങ്ങളും കെഎംഎസ് സി എൽ- ൽ നിന്നും ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം:3/12.12.19

## 1-48 എസ് സി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ -4 പേർ രേഖ ഹാജരാക്കിയില്ല -240000/-രൂപ തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് സി യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ പ്രോജെക്ടുകളിൽ 4 പേർ ഓട്ടോറിക്ഷ വാങ്ങിയില്ല വിവരം താഴെ പറയുന്നു.

1)പ്രോജക്ട്നം:61/18

അടങ്കൽ:600000/-(എസ് സി പി ഫണ്ട്)

ചെലവ്:180000/-

ബിൽനം:25/15.10.18:60000/-

15/28.01.19:120000/-

പ്രോജെക്ടിൽ ആകെ 3 പേർക്കാണ് ഓട്ടോറിക്ഷ വാങ്ങിനൽകാൻ കാനറാ ബാങ്ക് കുണ്ടറ ശാഖയിൽ Back End Subsidy പ്രകാരം മാനേജരുടെ 3582296000011 എന്ന അക്കൗണ്ടിലേയ്ക്കക്ക് തുക നൽകിയിട്ടുള്ളത് (3x60000).എന്നാൽ ശ്രീ.സാബുസുകുമാരൻ, സാന്ദ്രനിവാസ്, പുനക്കന്നൂർ, ശ്രീ.ദിനേശ് എം, ദിനേശ് ഭവൻ, വയലിൽ വീട്, പുനക്കന്നൂർ എന്നിവർ ഓട്ടോറിക്ഷ വാങ്ങിയതിന്റെ ആർ സി ബുക്ക്, ഇൻഷുറൻസ്, രജിസ്ട്രേഷൻ തുടങ്ങിയ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

2)പ്രോജക്ട്നം:65/18(വനിതകൾ)

അടങ്കൽ:350000/-(എസ് സി പി ഫണ്ട്)

ചെലവ്:210000/-

ബിൽനം:19/21.02.19:70000/-

16/18.02.19:140000/-

പ്രോജെക്ടിൽ ആകെ 3 പേർക്കാണ് ഓട്ടോറിക്ഷ വാങ്ങിനൽകാൻ തുക കനറാബാങ്ക് കുണ്ടറ ശാഖയിൽ Back End Subsidy പ്രകാരം മാനേജരുടെ 3582296000011എന്ന അക്കൗണ്ടിലേയ്ക്കക്ക് നൽകിയിട്ടുള്ളത് (3x70000).

ശ്രീമതി സുജാത.ടി, മുരുകാലയം, പുനക്കന്നൂർ, പെരുമ്പുഴ എന്ന വ്യക്തി

ഓട്ടോറിക്ഷ വാങ്ങിയതിന്റെ ആർ സി ബുക്ക്, ഇൻഷുറൻസ്, രജിസ്ട്രേഷൻ തുടങ്ങിയ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

3)പ്രോജക്ട്നം:175//18(SO)

അടങ്കൽ:400000/-(എസ് സി പി ഫണ്ട്)

ചെലവ്:100000/-

ബിൽനം:1/21.03.18:50000/-

2/21.03.18:50000/-

പ്രോജെക്ടിൽ ആകെ 2പേർക്കാണ് ഓട്ടോറിക്ഷ വാങ്ങിനൽകാൻ തുക പഞ്ചാബ് നാഷണൽ ബാങ്ക് കൊല്ലം ശാഖയിൽ Back End Subsidy പ്രകാരം മാനേജരുടെ അക്കൗണ്ടിലേയ്ക്കക്ക് നൽകിയിട്ടുള്ളത് (2x50000).എന്നാൽ ശ്രീ.അജ്മൽ.എസ്,ചരുവിൽ മേലതിൽവീട്,കുണ്ടറ ഓട്ടോറിക്ഷ വാങ്ങിയതിന്റെ ആർ സി ബുക്ക്, ഇൻഷ്യറൻസ്, രജിസ്ട്രേഷൻ തുടങ്ങിയ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

ഓട്ടോറിക്ഷ വാങ്ങിയതിന്റെ വിവരങ്ങൾ ഹാജരാക്കത്തത് സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കാനറാ ബാങ്ക് കുണ്ടറ മാനേജർക്കും, പഞ്ചാബ് നാഷണൽ ബാങ്ക് കൊല്ലം മാനേജർക്കും കത്ത് നൽകിയിട്ടുണ്ടെന്നും, തുക ലഭിച്ചാലുടൻ തിരികെ ഒടുക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മേൽ 3 പ്രോജക്ടുകളിലായി ആകെ 2,40,000/-രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതു വരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

തടസത്തിൽ വെയ്ക്കുന്ന തുക=240000/-രൂപ

ഓഡിറ്റ് എൻക്വയറി നം:3/12.12.19

## 1-49 പി എച് സി യിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ- അധികം തുക നൽകി

പ്രോജ്ക്റ്റ് നം:192/18

അടങ്കൽ:64100/-രൂപ (റോഡിതരം)

ചെലവ്:64100/-രൂപ

ബിൽനം:1/21.06.18:64,100/-രൂപ

പിഎച് സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി എച് സി യിലെ മരുന്നു സൂക്ഷിക്കുന്ന മുറിയിൽ എയർ കണ്ടീഷൻ സ്ഥാപിക്കുന്നതിലേയ്ക്കായി 10 മീറ്റർ കോപ്പർ പൈപ്പ് ഭിത്തിയിലൂടെ ഫിറ്റു ചെയ്യുന്നതിന് 10,000/-രൂപ കരാർ ലഭിച്ച സ്ഥാപനമായ Medicoയ്ക്ക് നൽകിയിട്ടുണ്ട്.
13.12.19-ൽ നടന്ന പ്രാദേശിക പരിശോധനയിൽ ആകെ 8 മീറ്റർ ദൂരമാണ് കോപ്പർ പൈപ്പ് വലിച്ചിട്ടുള്ളത്. എസി സ്ഥാപിക്കുന്ന സ്ഥാപനം 3 മീറ്റർ കോപ്പർ പൈപ്പ് സൗജന്യമായി വലിച്ചു നൽകണം . ആയതിനാൽ ആകെ 5 മീറ്റർ കോപ്പർ പൈപ്പിന്റെ തുക നൽകിയാൽ മതിയാകും.എന്നാൽ 10 മീറ്റർ കോപ്പർ പൈപ്പ് വലിച്ചു കണക്ഷൻ നൽകിയതിനുള്ള തുകയാണ് ഈടാക്കിയിട്ടുള്ളത്. അധികമായ 5 മീറ്ററിന് അധികം തുക നൽകിയിട്ടുണ്ട്. 5 മീറ്ററിന് നൽകിയ 5000/-രൂപ Medico എന്ന സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം 5000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം:3/12.12.19

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 അധികനിരക്ക് നൽകിയതുമൂലം നഷ്ടം

പ്രോജക്റ്റ് നം- 200/19

മേൽ പ്രോജക്റ്റിൽപ്പെടുത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ നിന്നും സ്കൂളുകൾക്കാവശ്യമായ വിവിധ ഫർണിച്ചറുകൾ വാങ്ങി. മേൽ സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾകൂടാതെ വാങ്ങാവുന്ന ഫർണിച്ചറുകളുടെ നിരക്ക്നിശ്ചയിച്ച് ജി.ഒ(ആർ.റ്റി) 35/2017യഎസ്.പി.ഡി തീയതി 27.6.2017 പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവിന്റെ അനുബന്ധം 2 ൽ ഉൾപ്പെടാത്തസ്പെസിഫിക്കേഷനുകൾ പ്രകാരം ഫർണിച്ചറുകൾ വാങ്ങിയപ്പോൾ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നിന്നും വ്യത്യസ്തമായി അധികനിരക്കിൽ ഫർണിച്ചറുകൾ വാങ്ങിയതുമുഖേന 2018-19 വർഷം അധികചെലവുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

1)Anjili wood desk 150x35x60

മേൽ ഉത്തരവിന്റെ അനുബന്ധം 2 ൽ 16- ാം ഇനമായി ഉൾപ്പെടുത്തിയ ആഞ്ഞിലിയിലുള്ള 180x40x75സെ.മീ സൈസിലുള്ള ഡെസ്കിന് 5,335/-രൂപയാണ് വില ( അതായത് 1സെ.മീ3 ന്.0099രൂപ).ഈ നിരക്കിനെഅടിസ്ഥാനമായി കണക്കാക്കിയാൽ ആഞ്ഞിലിയിലുള്ള 150x35x60 സെ.മീ സൈസിലുള്ള ഡെസ്കിന് നൽകേണ്ട നിരക്ക് 3,118.5രൂപയാണ്.

കൂടാതെ

2)Anjili wood bench 150x25x35cm

മേൽ ഉത്തരവിന്റെ അനുബന്ധം 2 ൽ 4 ാം ഇനമായി ഉൾപ്പെടുത്തിയ ആഞ്ഞിലിയിലുള്ള 180x30x45സെ.മീ സൈസിലുള്ള ബെഞ്ചിന് 3343/-രൂപയാണ് വില ( അതായത് 1സെ.മീ3 ന് .01375രൂപ). ഈ നിരക്കിനെ അടിസ്ഥാന മായി കണക്കാക്കിയാൽ ആഞ്ഞിലിയിലുള്ള 150x25x35സെ.മീ സൈസിലുള്ള ബെഞ്ചിന് നൽകാവുന്ന നിരക്ക് 1837/- രൂപയാണ്.

ഇത്തരത്തിൽ മേൽ രണ്ട് ഇനങ്ങൾക്കായി അധികം തുക ചെലവഴിച്ചു.

| വാങ്ങിയ ഫർണിച്ചറിന്റെ ഇനവിവരം/ | നൽകിയ നിരക്ക് | അനുവദനീയമായ നിരക്ക്(ഇനവിവരം) | വാങ്ങിയ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|
| Anjili wood desk 150x35x60 | 4526 | 3119 | 20 | 1407x20=28140 |
| Anjili wood bench 150x25x35 | 3178 | 1837 | 20 | 1341x20=26820 |
| | | | | |

| | |
|---|---|
| ആകെ അധികം നൽകിയ തുക | 54960/- |

## 3-2 കമ്പ്യൂട്ടർ വാങ്ങൽ- ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനം കോട്ട് ചെയ്തെങ്കിലും അധികനിരക്കിലുള്ള സാധനംവാങ്ങിയതു മുഖേന നഷ്ടം

പ്രോജക്ട് നം.-SO179/18-19

അടങ്കൽതുക-454,000/-രൂപ

ചെലവഴിച്ച തുക - 219900/--രൂപ,( നം.1/16-6-18)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനു കളിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടറുകൾ വാങ്ങിയത് മൂലം അധികമായി ചെലവഴിച്ചിരിക്കുന്നു.മേൽ പദ്ധതി വഴി 6 കമ്പ്യൂട്ടറുകൾ 36,650/- രൂപ നിരക്കിൽ (intel core i3 7th generation processor, 20 inch monitor, 5 വർഷ വാറന്റി ) 219,900/- രൂപയ്ക്ക് Hypertech system, kollam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ടെണ്ടർ പരസ്യം പരിശോധിച്ചതിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് 3-10-17ൽ നല്കിയ ടെന്റർ പരസ്യത്തിൽ (window no G60126/17 of www.lsgkerala.gov.in) intel core i3, 4GB RAM, 500GB SATA HDD, 47 cm(18.5 inch) LED monitor, 8xDVD drive തുടങ്ങി സ്പെസിഫിക്കേഷനുകളോട് കൂടിയതും 3 വർഷ വാറന്റിയോട് കൂടിയതുമായ കമ്പ്യൂട്ടറുകൾക്കാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്.4 ടെണ്ടറുകൾ ലഭിച്ചതിൽ ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനുകളോടും (intel core i3 7th generation processor, windows professional 10,18.5inch LED monitor, 3 വർഷ വാറന്റി ) വാറന്റിയോടും കൂടിയ കമ്പ്യൂട്ടർ 33,900/-രൂപയ്ക്ക് F1 Solution, എഴുകോൺ എന്ന സ്ഥാപനമാണ് ക്വോട്ട് ചെയ്തിരുന്നത്. 20 inch monitor, 5 വർഷ വാറന്റി എന്നിവയോട്കൂടിയതും മറ്റ് സ്പെസിഫിക്കേഷനുകളെല്ലാം F1 Solution ന്റേതിന് തുല്യമായതുമായ കമ്പ്യൂട്ടറാണ് Hypertech system, kollam എന്ന സ്ഥാപനം 36,650/- രൂപയ്ക്ക് ക്വോട്ട് ചെയ്തിരുന്നത്. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.33.4 ൽ ടെണ്ടർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷനുകൾ വളരെ വ്യക്തത ഉള്ളതായിരി ക്കണമെന്നും ടെണ്ടർ ക്ഷണിച്ചതിന് ശേഷം സ്പെസിഫിക്കേഷൻ മാറ്റുവാൻ പാടില്ല എന്നും വ്യക്തമാക്കുന്നുണ്ട്. കമ്പ്യൂട്ടർ വാങ്ങൽ സംബന്ധിച്ച കമ്മറ്റി തീരുമാനം പരിശോധിച്ചതിൽ (10-11-17ലെ തീരുമാന നമ്പർ 1.6.4) 4 ടെണ്ടറുകൾ ലഭിച്ചതിൽ വിൻഡോസ് ഉള്ള കമ്പ്യൂട്ടർ ആണ് ഓഫീസ് ഉപയോഗത്തിന് നല്ലതെന്നുള്ള വിലയിരുത്തലിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഹൈപ്പർ ടെക്ക് കൊല്ലത്തിന്റെ ടെണ്ടർ അംഗീകരിച്ച തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടറിന് ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നത് F1 Solution നായിരിക്കെ ടെണ്ടർ പരസ്യത്തിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടർ കൂടിയ വിലയ്ക്ക് പർച്ചേസ് നടത്തിയതു മൂലം ഒരു കമ്പ്യൂട്ടറിന് 2,750/-(36,650-33,900)രൂപ നിരക്കിൽ 6 കമ്പ്യൂട്ടറുകൾക്ക് 16,500/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

2)2017-18ൽ തനത്ഫണ്ട് വകയിരുത്തിനടപ്പാക്കിയ പ്രോജക്ട് 2018-19 ൽ റോഡിതരഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേ ണ്ടതാണ്.

## 3-3 ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു.

| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
|---|---|
| പദ്ധതി,നം | ഭവന പുനരുദ്ധാരണം (എസ്.സി) (102/19) |
| അടങ്കൽ തുക | 31,50,000/- (വികസന ഫണ്ട്എസ്.സി) |
| ചെലവ് തുക | 26,25,000/- |

ടി പദ്ധതിയിൽ ഓവർസിയറിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ചിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഓവർസിയറിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്ക് | അനുവദിച്ച തുക | വ്യത്യാസം |
|---|---|---|---|
| രാധ വിളയിൽ വീട് പെരുമ്പുഴ | 30,500/- | 50,000/- | 19,500/- |
| ബിന്ദു വൈഷ്ണവം പെരുമ്പുഴ | 32,000/- | 50,000/- | 18,000/- |
| | | ആകെ | 37,500/- |

ഇപ്രകാരം ഓവർസിയറിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കി വിവരംഅറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.14/20.12.19
നിരാകരിച്ച തുക-37500/-

## 3-4 കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വാങ്ങി-2816/- രൂപയുടെ നഷ്ടം

| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
|---|---|
| പദ്ധതി,നം | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (219/19) |
| അടങ്കൽ തുക | 4,86,675/- (സി.എഫ്.സി ഫണ്ട്) |
| ചെലവ് തുക | 2,03,216/- |

പ്രസ്തുത പദ്ധതി പ്രകാരം സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് വഴി 2,816/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|
| അമൃത ഗ്രാഫിക്സ് | 37,016/- |
| ശ്യാമ എന്റർപ്രൈസസ് | 35,050/- |
| ബിജി പ്രിന്റേഴ്സ് | 34,200/- |

ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും തമ്മിൽ 2816/- രൂപയുടെ വ്യത്യാസം ഉണ്ട്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടം സംഭവിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.21/20.12.19

നിരാകരിച്ച തുക-2816/-

## 3-5 മഴക്കാലപൂർവ്വശുചീകരണം - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു- 209063/- രൂപ അധികം ചെലവ് ചെയ്തു.ചെലവ് തുകനിരാകരിക്കുന്നു

മഴക്കാലപൂർവ്വശുചീകരണം സംബന്ധിച്ച് സർക്കാർ സർക്കുലർ നം 127/2017/ ത.സ്വ.ഭ.വ/13.3.17 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ ഖണ്ഡിക 9 പ്രകാരം ഗ്രാമപഞ്ചായത്തിന് മേൽ പദ്ധതിയ്ക്കായി വാർഡ് ഒന്നിന് പരമാവധി ചെലവഴിക്കാവുന്ന തുക 25,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 10,000/- രൂപ ശുചിത്വമിഷൻ ഫണ്ടും, 10,000/- രൂപ എൻ.ആർ.എച്ച്.എം ഫണ്ടും 5,000/- രൂപ തനത്ഫണ്ടും ആണെന്നും

വ്യക്തമാക്കുന്നു. മേൽ ഫണ്ടുകൾ വാർഡ് തല ശുചിത്വസമിതി യുടെ അക്കൗണ്ടുമുഖേന ചെലവഴിക്കണമെന്നും വാർഡ്തല ശുചിത്വസമിതികൂടി തയ്യാറാക്കുന്ന പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലാകണം പ്രവർത്തനങ്ങൾ നടത്തേണ്ടതെന്നും വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലേക്കായി ശുചിത്വമിഷൻ ഫണ്ട്, എൻ.ആർ.എച്ച്.എം ഫണ്ട് ഇവ 2,10,000/- രൂപ വീതം പി.എച്ച്.സി മെഡിക്കൽ ഓഫീസർമുഖേന വാർഡ്തല ശുചിത്വസമിതിയ്ക്ക് നൽകി. (ഒരുവാർഡിന് 20,000/- രൂപ) കൂടാതെ മേൽ പ്രോജക്ടിന്റെ ഭാഗമായി ഓരോ വാർഡിലേയും ഓടകൾ വൃത്തിയാക്കിയതിന് മസ്റ്റർ റോൾ പ്രകാരം 14,703/- രൂപ വീതം ചെലവ് ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ചെലവ് തുക | ചെക്ക്നം,തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | 14703 | 970992/23.7.2018 | |
| 2 | 14703 | 970993/23.7.2018 | |
| 3 | 14703 | 970994/23.7.2018 | |
| 4 | 14703 | 970995/23.7.2018 | |
| 5 | 14703 | 970996/23.7.2018 | |
| 6 | 14703 | 970997/23.7.2018 | |
| 7 | 14703 | 970998/23.7.2018 | തുക വാർഡ് മെമ്പർ കൈപ്പറ്റിയതായി കൈപ്പറ്റ് രസീത് |
| 8 | 14703 | 970999/23.7.2018 | |
| 9 | 14703 | 971000/23.7.18 | |
| 10 | 14703 | 971001/23.7.2018 | |
| 11 | 14703 | 971002/23.7.2018 | തുക വാർഡ് മെമ്പർ കൈപ്പറ്റിയതായി കൈപ്പറ്റ് രസീത് |
| 12 | 14703 | 971003/23.7.2018 | |
| 13 | 14703 | 971004/23.7.2018 | തുക വാർഡ് മെമ്പർ കൈപ്പറ്റിയതായി കൈപ്പറ്റ് രസീത് |
| 14 | 14703 | 971005/23.7.2018 | |
| 15 | 14703 | 971006/23.7.2018 | |
| | | | |

| | | | |
|---|---|---|---|
| 16 | 14703 | 971007/23.7.2018 | |
| 17 | 14703 | 971008/23.7.2018 | |
| 18 | 14703 | 971009/23.7.2018 | |
| 19 | 14703 | 971010/23.7.2018 | |
| 20 | 14703 | 971011/23.7.2018 | |
| 21 | 14703 | 971012/23.7.2018 | |
| ആകെ | 3,08,763/- | | |

മേൽ പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1) വാർഡ് ഒന്നിന് ശുചിത്വമിഷൻഫണ്ട്, എൻ.ആർ.എച്ച്.എം.ഫണ്ട് ഇവ 10,000/- വീതവും തനത്ഫണ്ട് 5,000/- രൂപയുമുൾപ്പെടെ ആകെ 25,000/- രൂപമാത്രം ചെലവ് ചെയ്യാൻ അനുവാദമുണ്ടായിരിക്കെ തനത്ഫണ്ടിൽ നിന്ന് 9,703/- (14,703-5,000)രൂപ അധികം (ആകെ 21 വാർഡിനുമായി 2,03,763/-രൂപ)ചെലവ് ചെയ്തതിനെ സാധൂകരിക്കുന്ന സർക്കാർ നിർദ്ദേശം/ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2) മേൽ പ്രവർത്തനത്തിനുള്ള മുഴുവൻ തുകയും വാർഡതല സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടുമുഖേന ചെലവഴിക്കണം എന്ന നിർദ്ദേശം മറികടന്ന് തനത്ഫണ്ട് നേരിട്ട് ചെലവഴിച്ചതും തുക വാർഡ് മെമ്പർമാർക്ക് വിതരണം നടത്തിയതും അടിസ്ഥാനമാക്കിയ ഉത്തരവ്/നിർദ്ദേശം ലഭ്യമാക്കേണ്ടതാണ്.

3) ചെലവ് വൗച്ചറുകൾ സെക്രട്ടറി വാങ്ങിസൂക്ഷിക്കണമെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും 4 വാർഡുകളിലെ ശുചിത്വമിഷൻ ഫണ്ടിന്റെ വിനിയോഗ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.40000/-രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

4)തനത് ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 14,703/- രൂപ ചെലവ് ചെയ്തത് കൂടാതെ വാർഡ്6, വാർ 19 എന്നിവയിൽ വേസ്റ്റ് നീക്കം ചെയ്യുന്നതിനായി 2,800/-, 2,500/-, രൂപ വീതം ചെലവഴിച്ചു. ഇത്തരത്തിൽ തനത്ഫണ്ടിൽ നിന്നും 2,09,063/- രൂപ അധികം ചെലവ് ചെയ്തു. ചെലവ് തുക നിരാകരിക്കുന്നു.

## 3-6 അധികം യാത്രാപ്പടി നൽകി-7796/-നിരാകരിക്കുന്നു

മാനവശേഷി വിഭവശേഷി വികസനത്തിന്റെ ഭാഗമായി കൊട്ടാരക്കര ഇ.റ്റി.സി യിൽ വച്ച് നടത്തിയ കമ്പ്യൂട്ടർ ട്രയിനിംഗിന് പങ്കെടുത്ത ജനപ്രതിനിധികൾക്ക് അധികം യാത്രാപ്പടി നൽകി. തുടർച്ചയായ 4 ദിവസങ്ങളിലെ ട്രയിനിംഗിൽ താമസം, ഭക്ഷണം എന്നിവ സജീകരിച്ചിട്ടുള്ളതായി നം-186/ബി(RGSA)/18/കിലCHRD/7.6.18ൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ വോള്യം1, പാർട്ട്2 ചട്ടം 39 പ്രകാരം 1/4 ദിനബത്തയും സ്റ്റേഷനിലേക്കും തിരിച്ചുമുള്ള യാത്രകൾക്ക് വണ്ടികൂലിയും ഉൾപ്പെടെയുള്ള തുകയും മാത്രമേ അർഹതയുള്ളൂ. ഇതിനുപരിയായി ദിനംപ്രതി ഒരു ഡി.എ കണക്കാക്കി യാത്രാപ്പടി നൽകിയിരിക്കുന്നു. അധിക തുക കൈപ്പറ്റിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ട്രയിനിംഗ് കാലയളവ് | നൽകിയ യാത്രാപ്പടി | അനുവദനീയമായ യാത്രാപ്പടി | അധികം നൽകിയ തുക | ചെലവ് വൗച്ചർ നം,തുക |
|---|---|---|---|---|---|
| ശ്രീമതി.ഷൈലാമധു, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ(ഡി.എ@400/-) | 27.6.2018-30.6.2018 | ദിനംപ്രതി400/- രൂപ നിരക്കിൽ1600/- | 398/- | 1,202/- | 21800671/ 26.9.2018--7260/- |
| ശ്രീ.ഗിരീഷ്കുമാർ,സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ(ഡി.എ@400/-) | ടി | ദിനംപ്രതി320/- രൂപ നിരക്കിൽ1,280/- | 398/- | 882/- | |
| ശ്രീമതി.രഞ്ജിനി, മെമ്പർ(ഡി.എ@320/-) | 2.7.2018-5.7.2018 | ദിനംപ്രതി320/- രൂപ നിരക്കിൽ1,80/- | 328 | 952/- | 21800672/ 26.9.2018--18240/- |
| ശ്രീമതി.രജനി.എന്, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി320/- രൂപ നിരക്കിൽ1,280/- | 328 | 952/- | |
| ശ്രീമതി.ജയന്തിദേവി, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി 320/- രൂപ നിരക്കിൽ 1,280/- | 328 | 952/- | |
| ശ്രീ.അനിൽകുമാര്, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി 320/- രൂപ നിരക്കിൽ1280/- | 328 | 952/- | |
| ശ്രീ.ശിവപ്രഭ, മെമ്പർ(ഡി.എ@320/-) | ടി | ദിനംപ്രതി320/- രൂപ നിരക്കിൽ1280/- | 328 | 952/- | |
| ശ്രീമതി.റജിലാലത്തീഫ് | ടി | ദിനംപ്രതി320/- | 328 | 952/- | |

| | | | | | |
|---|---|---|---|---|---|
| ,മെമ്പർ(ഡി.എ@320/-) | | രൂപ നിരക്കിൽ1280/- | | | |
| Total | | | | 7796/- | |

അധികം വാങ്ങിയ തുക തിരികെ ഈടാക്കി വിവരംഅറിയിക്കേണ്ടതാണ്.

## 3-7 വക്കീൽ ഫീസ് അധികം നൽകി- 8000/-രൂപ നിരാകരിക്കുന്നു

ഹൈക്കോടതി കേസ് നംOP-3347/18 നായി അഡ്വ. ശശീത്പണിക്കർക്ക് വക്കീൽ ഫീസായി 23,000/- രൂപ നൽകി.

Clerical expenditure-6,000/-

Prof.fee- -10,000/-

Messenger fee -5,000/-

Clerical fee -2,000/-

Total -23,000/-ചെക്ക് നമ്പർ-990950/29-12-18 എന്നിങ്ങനെയാണ് തുക അവകാശപ്പെട്ടത്. സർക്കാർഐ ഉത്തരവ്(എം.എസ്36/16തസ്വഭവ/18.2.18 പ്രകാരം അഡ്വക്കേറ്റ് ഫീസായി കേസൊന്നിന്15,000/- രൂപമാത്രമാണ് അനുവദനീയം. മേൽ തുകയെ അധികരിച്ച നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം വകുപ്പുതലവന്റെ അനുമതി വാങ്ങിയിട്ടില്ല. ആയതിനാൽ അധികരിച്ച് നൽകിയ 8,000/-രൂപയുടെ വിനിയോഗം നിരാകരിക്കുന്നു. തുക തിരികെഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരംഅറിയിക്കേണ്ടതാണ്.

## 3-8 വായനാക്കൂട്ടം- അധികനിരക്ക്നൽകി

പ്രോജക്ട് നം-196/19

പദ്ധതിവിഹിതം(ജനറൽ)-1,00,000/-

ചെലവ് 63221/-(ബിൽ നം-10/6.3.19-13902/-, ബിൽ നം-6/28.1.19-49319/-)

മേൽ പ്രോജക്ടിലൂടെ കുട്ടികളുടെ വിവിധ മാസികകൾ സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ പ്രസാദിന്റെ ക്വട്ടേഷൻ സ്വീകരിച്ച് സപ്ലൈ ഓർഡർ നൽകി . എന്നാൽ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിനുപരിയായി ചില ഇനങ്ങൾക്ക് വില വാങ്ങിയതുമൂലം നഷ്ടം ഉണ്ടായി.ഇതിൽ 5.12.2018 മുതൽ 2.1.2019 വരെ വിതരണം ചെയ്ത പ്രസിദ്ധീകരണങ്ങളുടെ വില 2018-19 വർഷവും 9.1.2019 മുതലുള്ളവയുടെ വില പ്രോജക്ട് സ്പിൽ ഓവറാക്കി 2019-20 വർഷവുമാണ് ചെലവ് ചെയ്തത് . അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രസിദ്ധീകരണത്തിന്റെ പേര് | ക്വോട്ട് ചെയ്ത തുക | നൽകിയ നിരക്ക് | അധികം നൽകിയതുക | | |
|---|---|---|---|---|---|
| | | | 5.12.18-2.1.19 | 9.1.2019-6.2.19 (ചെലവ് 2019-20 വർഷം) | 6.2.19 മുതൽ (ചെലവ് 2019-20 വർഷം) |

| | | | | | |
|---|---|---|---|---|---|
| ബാലരമ | 14 | 15 | 185x1=185 | 185x1=185 | 185x1=185 |
| ബാലരമ ഡൈജസ്റ്റ് | 9.50 | 10 | 185x.50=92.50 | 185x.50=92.50 | 185x.50=92.50 |
| മാജിക്പോട്ട് | 14 | 15 | 169x1=169 | 185x1=185 | 222x1=222 |
| കളിക്കുടുക്ക | 12 | 13 | 155x1=155 | 155x1=155 | 124x1=124 |
| ബാലഭൂമി | 12 | 13 | 111x1=111 | 184x1=184 | 185x1=185 |
| കുട്ടികളുടെ ദീപിക | 9.50 | 10 | 74x.5=37 | 74x.5=37 | 74x.5=37 |
| യാത്ര | 48 | 160/60 | | 35x112=3920 (നൽകിയത് @160) | 18x60=1080 (നൽകിയത്@60) |
| അധികംനൽകിയ തുക | | | 749.50രൂപ | 4758.50രൂ | 1061രൂ |

2018-19 വർഷം749.50രൂപ രൂപയുടേയും 2019-2020 വർഷം 5,819.50രൂപയുടേയും നഷ്ടം ഉണ്ടായി . നഷ്ടത്തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 ആലുംമൂട് ചന്ത ക്ലിനിംഗിന് പ്രത്യേക ചെലവ്-ചട്ടങ്ങൾക്ക് വിരുദ്ധം-നിരാകരിക്കുന്ന തുക 12000/-

ആലുംമൂട്ചന്ത ക്ലീനിംഗിനായി ശ്രീമതി രാധാമണിയ്ക്ക് പ്രതിമാസം 1,000/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.(7.3.2019 ലെ തീരുമാനപ്രകാരം ആയത് 1,500/- രൂപയായി ഉയർത്തി) മാർക്കറ്റ് ക്ലീനിംഗിനായി തസ്തിക നിലവിലില്ല. ടി മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ് ലേലത്തിൽ നൽകിയിട്ടുള്ളതുമാണ്. പൊതുമാർക്കറ്റ് സ്വകാര്യമാർക്കറ്റ്നടത്തിപ്പ് 1994 ചട്ടം 5 ഉപചട്ടം 4-ൽ മാർക്കറ്റ് സംരക്ഷണം ഏറ്റെടുക്കുന്ന വ്യക്തിയുടെ ചുമതലയിൽ മാർക്കറ്റ് ക്ലിനിംഗ് കൂടി ഉൾപ്പെടുന്നു. ആയതിനാൽ മാർക്കറ്റ് ലേലംനൽകുകയും അതേസമയം ക്ലീനിംഗിനായി വീണ്ടും ചെലവുചെയ്യുകയും ചെയ്തത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത തുക 12,000/-നിരാകരിക്കുന്നു. തുക ക്രമരഹിതമായ ചെലവുനടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മാസം | ചെക്ക്നം,തീയതി | ചെലവ് തുക |
|---|---|---|
| 3/2018-7/2018 | 970950/3.8.18 | 5,000/- |
| 8/18-9/18 | 410895/8.11.18 | 2,000/- |
| 10/18 | 410878/21.11.18 | 1,000/- |
| 11/18-12/18 | 991157/1.11ഉടർചെ.19 | 2,000/- |
| 1/19 | 991436/23.3.19 | 1,000/- |
| 2/19 | 991861/15.3.19 | 1,000/- |
| **ആകെ** | | **12,000/-** |

## 3-10 കുടിവെള്ള പദ്ധതി-മോട്ടോർ പ്രവർത്തിപ്പിക്കാൻ വേതനംനൽകിയത് നിരാകരിക്കുന്നു.

കുടിവെള്ള പദ്ധതി-മോട്ടോർ പ്രവർത്തിപ്പിക്കാൻ വേതനംനൽകിയത് നിരാകരിക്കുന്നു.

പുനക്കന്നൂർ ശാഖാജംഗ്ഷൻ കുടിവെള്ള പദ്ധതിയ്ക്കായി മോട്ടോർ പ്രവർത്തിപ്പിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് 22.1.2019 ലെ 1(12) നം തീരുമാനപ്രകാരം ദിനം പ്രതി 100/- രൂപ ക്രമത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ബി.3/19/25.1.2019 നം ഉത്തരവ് പ്രകാരം നിയമിച്ച് 2,800/- രൂപ വൗച്ചർ നം 21801337/5.3.19 പ്രകാരം നൽകി. കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് തുടർ പരിപാലനം ഗുണഭോക്തൃ സമിതിയ്ക്ക് ഏല്പിച്ചുനൽകണമെന്നും തുടർചെലവുകൾ സമിതി വഹിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായി ചെലവഴിച്ച തുക നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15-7-2019, 16-7-2019 | കെ.എസ്.എ.കെ.എൽ.എം. പി.<br>നം. 7/1120/19 തീയതി29-8-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3500000 | ലൈഫ്(ജനറൽ) 104/18-19 | 3440000 | 60000 |
| | | 2255408 | ലൈഫ്(എസ്.സി.പി) 105/18-19 | 2130000 | 125408 |
| | | 297500 | നെൽകൃഷിവികസനം 32/18-19 | 297500 | 0 |
| | | 100000 | പോഷകാഹാരം 30/18-19 | 93739 | 6261 |
| | | 300000 | സ്കോളർഷിപ്പ് 28/18-19 | 299000 | 1000 |
| ജില്ലാപഞ്ചായത്ത് | | 266200 | " | 267200 | -1000 |
| | | 2152790 | ലൈഫ്(ജനറൽ) 104/18-19 | 2150000 | 2790 |
| | | 1573787 | ലൈഫ്(എസ്.സി.പി) 105/18-19 | 1440000 | 133787 |
| | | 300000 | 114/18-19 | 300000 | 0 |
| | | 200000 | പോഷകാഹാരം scp33/18 | 200000 | 0 |
| | | 200000 | | 176184 | 134316 |
| | | 110500 | നെൽകൃഷിവികസനം 183/18-19 | 110500 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ചെല വഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കി യുള്ള തുക (രൂപ) |
|---|---|---|---|---|---|
| പി.ഡബ്ള്യൂ.ഡി | അങ്കണവാടി നിർമ്മാണം | 6,87,800/- 09.10.18 | 3,60,000/- | - | 3,60,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് രൂപ നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 42,14,000/-വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്ഭവന പദ്ധതി (സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്) | സ.ഉ.522/10/ 17.2.2010 | 10910500 | 70174 | 70174 | 0 | 0 |
| ലൈഫ്ഭവനപദ്ധതി (കെ..യു.ആർ.ഡി. എഫ്.സി) | സ.ഉ.എം.സ്)111/18/ 13.8.2018 | 2140000 | 0 | 2140000 | | 2140000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വരവില്ല.

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006 -07 | 3.11.5 | 2012 | 71 | കൺവീനർമാർക്ക് നല്കിയ മുൻകൂർ തുക ക്രമപ്പെടുത്തിയിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)സംക്ഷിപ്തം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17,88,57,001/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,38,68,650/- |
| വരവിനങ്ങളിലെ നഷ്ടം | - |
| അംഗീകരിക്കാത്ത തുക | 3,52,185/- |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 23,77,854/- |

**(ബി)പഞ്ചായത്ത്ഫണ്ടിനുണ്ടായവ്യക്തമായ നഷ്ടത്തിൻറെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻറ വിവരം |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 54960/- | ശ്രീമതി.ഗ്രേസി തോമസ്,എച്ച്.എം |
| 3-2 | | 16500/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-3 | | 37500/- | ശ്രീ.ജയപ്രകാശ്,VEO |
| 3-4 | | 2816/- | ശ്രീ.ജയപ്രകാശ്,VEO |
| | | | |

| | | | |
|---|---|---|---|
| 3-5 | | 209063/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-6 | | 7796/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-7 | | 8000/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-8 | | 750/- | ശ്രീമതി.ഗ്രേസി തോമസ്,എച്ച്.എം |
| 3-9 | | 12000/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-10 | | 2800/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |

**ഓഡിറ്റിൽ തടസപ്പെടുത്തിയ തുക**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 75000/- | ശ്രീമതി.ഗ്രേസി തോമസ്,എച്ച്.എം |
| 1-18 | 95250/- | ശ്രീമതി.ഗ്രേസി തോമസ്,എച്ച്.എം |
| 1-22 | 580000/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 1-24 | 213675/- | ശ്രീ.സ്റ്റീഫൻമോത്തീസ്, സെക്രട്ടറി |
| 1-27 | 122915/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 1-31 | 40000/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 1-32 | 550255/- | ശ്രീമതി.ലിജി.എസ്,എ.ഇ |
| 1-34 | 171374/- | ശ്രീമതി.ലിജി.എസ്,എ.ഇ |
| 1-35 | 15635/- | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 1-45 | 173750/- | ശ്രീമതി സ്നേഹജ ഗ്ളോറി, അസിസിറ്റന്റ് സെക്രട്ടറി |
| 1-48 | 2,,40,000/- | ശ്രീമതി സ്നേഹജ ഗ്ളോറി, അസിസിറ്റന്റ് സെക്രട്ടറി |

**സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മററു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിൻറ വിവരം**

ഇല്ല

**ഡി)നഷ്ടം നിജപ്പെടുത്താൻകൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

ഇ)റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെസ്ഥിരം മേൽവിലാസങ്ങൾ

| | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 2 | സ്ററീഫൻ മോത്തീസ്, സെക്രട്ടറി | സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | സങ്കീർത്തനം സ്നേഹ നഗർ, അയത്തിൽ പി.ഒ, കൊല്ലം |
| 3 | ശ്രീമതി ഗ്രേസി തോമസ്, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് ഇളമ്പള്ളൂർ | കുന്നേൽ വില്ല, മുണ്ടക്കൽ, പെരുമ്പുഴ,പി.ഒ, |
| 4 | ശ്രീമതി.ലത, അസി.സെക്രട്ടറി | അസിസ്റ്റൻറ് സെക്രട്ടറി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, പ്രാക്കുളം.പി.ഒ,കൊല്ലം |
| 5 | ശ്രീമതി സ്നേഹജ ഗ്ളോറി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റൻറ് സെക്രട്ടറി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | വിനോദ് ഭവൻ , നീരാവിൽ ,കൊല്ലം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 6 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 9 |
| 2006-2007 | എൽ.എഫ്.ക്യു.പി.1/1346/14, 26.06.2014 | 8 |
| 2007-2008 | എൽ.എഫ്.ക്യു.പി.7/1346/14/ 26.06.2014 | 17 |
| 2008-2009 | എൽ.എഫ്.ക്യു.പി.7/1346/14/ 26.06.2014 | 12 |
| | | |

| | | |
|---|---|---|
| 2009-2010 | എൽ.എഫ്.ക്യൂ.പി.7/1346/14/ 26.06.2014 | 12 |
| 2010-11,2011-2012 | എൽ.എഫ്.ക്യൂ.പി.1/1441/13/ 04.10.2013 | 19 |
| 2012042-13,2013-14 | കെ.എസ്.എ-കെ.എൽ.എം-പി.1/2070/2014,27/10/15 | 19 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി.1/1145/16 /20.03.2017 | 32 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി.1/49/17/10.2.2017 | 17 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി.7/1373/17/9.10.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി.7/1542/18/13.11.18 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.കെ.എൽ.എം.പി.7/61/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

@kerala.gov.inoklm.ksaddE-mail:

തീയതി-25/02 /2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ2018 -19**വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018 -19**ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.K.S.A.K.L.M.P.7/61/2020, Dated 25.02.2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Elamballoor Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Elamballoor Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 അനുബന്ധ പത്രികകൾ

ബാലൻസ് ഷീറ്റ്

ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്

റസീറ്റ്&പേയ്മെന്റ്

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**